بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 6

ലക്കം 45

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 നവംബർ 11/ഹി.ശം. 1400 നുബുവ്വത്ത് 11/1443 റബീഉൽ ആഖിർ 05


## അല്ലാഹുവിന്റെ വചനം

وَلَا تَمۡشِ فِی الۡاَرۡضِ
مَرَحًا ۚ اِنَّکَ لَنۡ تَخۡرِقَ
الۡاَرۡضَ وَلَنۡ تَبۡلُغَ الۡجِبَالَ
طُوۡلًا ○ (بنی اسرائیل:38)

'നീ ഭൂമിയിൽ അഹന്തകാട്ടി നടക്കരുത്; കാരണം നീ ഒരിക്കലും ഭൂമിയെ പിളർക്കുകയില്ല, ഉയരത്തിൽ പർവതങ്ങളോളം എത്തുകയുമില്ല.' (17:38)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**ഞാൻ(നബി(സ)തിരുമേനി)നിങ്ങൾക്ക് നിങ്ങളുടെ ജീവനെക്കാൾ കൂടുതൽ പ്രിയപ്പെട്ടതാകാത്തിടത്തോളം ഈമാൻ സമ്പൂർണമാകുകയില്ല.**

ഹദ്റത്ത് ഉമർ(റ)പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് എനിക്ക് എന്റെ ജീവനൊഴികെ മറ്റെല്ലാവസ്തുക്കളെക്കാളുമധികം പ്രിയപ്പെട്ടതാണ്. നബി(സ)തിരുമേനി പറഞ്ഞു: 'അങ്ങനെയല്ല. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! (ഈമാൻ സമ്പൂർണമാകുകയില്ല) ഞാൻ താങ്കൾക്ക് താങ്കളുടെ ജീവനെക്കാളുമേറെ പ്രിയപ്പെട്ടവനാകാത്തിടത്തോളം! ഉമർ(റ) പറഞ്ഞു: അല്ലാഹുവാണ! ഇനി അങ്ങ് എനിക്ക് എന്റെ ജീവനെക്കാളുമധികം പ്രിയപ്പെട്ടവനാണ്. നബി(സ) തിരുമേനി പറഞ്ഞു: ശരി, ഉമർ! ഇപ്പോൾ താങ്കളുടെ ഈമാൻ സമ്പൂർണമായി.' *(സ്വഹീഹ് ബുഖാരി, കിതാബുൽ ഈമാൻ വന്നുദൂർ, ബാബ് കയ്ഫ കാനത്ത് യമീനുന്നബിയ്യി സ്വല്ലല്ലാഹു അലയ്ഹിവസല്ലം)*


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**


**ഈ ലക്കത്തിൽ**


ജുമുഅ ഖുത്ബ 01-10-2021 സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ യൂറോപ്യൻ പര്യടന റിപ്പോർട്ട്



AHMADIPEDIA

AhmadiPedia.ORG is an official publication of the World-wide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre. It is a concise reference work on all aspects of Ahmadiyyat.


## അഹങ്കാരം ഉപേക്ഷിക്കുവാൻ ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊള്ളുന്നു. അഹങ്കാരം പ്രതാപവാനായ നമ്മുടെ ദൈവത്തിന്റെ കണ്ണിൽ അങ്ങേയറ്റം അനിഷ്ടകരമായിട്ടുള്ളതത്രെ.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അഹങ്കാരം ഉപേക്ഷിക്കുവാൻ ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊള്ളുന്നു. അഹങ്കാരം പ്രതാപവാനായ നമ്മുടെ ദൈവത്തിന്റെ കണ്ണിൽ അങ്ങേയറ്റം അനിഷ്ടകരമായിട്ടുള്ളതത്രെ. അഹങ്കാരമെന്നാൽ എന്താണെന്ന് നിങ്ങൾ പക്ഷേ, പൂർണമായും മനസ്സിലാക്കിയിട്ടില്ലായിരിക്കാം. അതുകൊണ്ട് എന്നിൽനിന്ന് അറിഞ്ഞു കൊള്ളുവിൻ. എന്തെന്നാൽ ഞാൻ അല്ലാഹുവിൽനിന്നുള്ള ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് സംസാരിക്കുന്നു.

തന്റെ സഹോദരനെക്കാൾ കൂടുതൽ പഠിച്ചവനും അറിവുള്ളവനും ബുദ്ധിമാനുമാണെന്ന് കരുതിക്കൊണ്ട് അവനെ താഴ്ത്തിക്കാണുവാൻ ശ്രമിക്കുന്നവൻ അഹങ്കാരിയാകുന്നു. എല്ലാ അറിവിന്റേയും ജ്ഞാനത്തിന്റേയും ഉറവിടം അല്ലാഹുവാണെന്ന് കരുതുന്നതിനു പകരം താൻതന്നെ എന്തോ വലിയ ആണെന്ന് അയാൾ വിചാരിക്കുന്നു. അയാളെ മാനസികമായി നിലതെറ്റിയവനാക്കാനും താൻ താഴ്ന്നവനായിക്കരുതിയ തന്റെ സഹോദരന് ഏറെ ഉയർന്ന ജ്ഞാനവും അറിവും ബുദ്ധിശക്തിയും നല്കി അയാളെ അനുഗ്രഹിക്കുവാനും അല്ലാഹുവിന് ശക്തിയില്ലേ? ഇപ്രകാരം തന്നെ തന്റെ സമ്പത്തിന്റേയും ഉത്തുംഗസ്ഥാനത്തിന്റേയും പേരിൽ തന്റെ സഹോദരനെ ഇകഴ്ത്തിക്കാണുന്നവനും അഹങ്കാരിയാകുന്നു. തന്റെ പദവിയും മഹിമാവുമെല്ലാം അല്ലാഹു അനുഗ്രഹിച്ചു നല്കിയതാണെന്ന യാഥാർഥ്യത്തെ അവഗണിച്ചതിനാലാണ് അവൻ അഹങ്കാരിയാകുന്നത്. പെട്ടെന്നു താൻ നീചരിൽ നീചനായി താഴത്തേക്കെറിയപ്പെടുമാറ് തനിക്ക് ദുർഭാഗ്യം വരുത്തിവെയ്ക്കുവാൻ അല്ലാഹുവിനു കഴിവുണ്ടെന്ന വസ്തുത മനസ്സിലാക്കാത്തവനും അന്ധനുമാണവൻ. അവൻ ചെറിയവനായിക്കരുതുന്ന തന്റെ സഹോദരന് കൂടുതൽ സമ്പത്തും ഐശ്വര്യവും അനുഗ്രഹിച്ചു നല്കാൻ അല്ലാഹു ശക്തനാണെന്ന കാര്യവും അവൻ മനസ്സിലാക്കുന്നില്ല. ശരീരാരോഗ്യത്തിലോ സൗന്ദര്യത്തിലോ ആകാരസൗഷ്ഠവത്തിലോ ഉള്ളൂക്കിലോ താൻ കേമനാണെന്ന് കരുതിക്കൊണ്ടു സ്വസഹോദരനെ നിന്ദിച്ചു പറയുകയും പരിഹസിക്കുകയും അവനാമങ്ങൾ വിളിച്ച് അപഹാസ്യനാക്കുകയും ചെയ്യുന്നവനും അഹങ്കാരിയാകുന്നു. തന്റെമേൽ ക്ഷണനേരംകൊണ്ട് വൈകല്യങ്ങൾ വരുത്തിവെയ്ക്കാനും തന്റെ നിന്ദിക്കപ്പെട്ട സഹോദരനെക്കാൾ എത്രയോ നിന്ദ്യമായ ദുസ്ഥിതിയിലാക്കാനും അവന്റെ കഴിവുകളിൽ ഒരു ദീർഘകാലംവരെ കുറഞ്ഞുപോകാത്തതും വ്യർഥമായിപോകാത്തതുമായ അനുഗ്രഹം നല്കാനും പോരുന്നവനായ ഒരു ദൈവത്തിന്റെ ഉൺമയെക്കുറിച്ച് അറിവില്ലാത്തവനും അഹങ്കാരിയത്രെ. എന്തുകൊണ്ടെന്നാൽ അവനിച്ഛിക്കുന്നത് ചെയ്യുന്നു. തന്റെ ശക്തികളിൽ വിശ്വസിച്ചുകൊണ്ട് ദുആ ചെയ്യുന്നതിൽ മടികാണിക്കുന്നവനും അഹങ്കാരിയാകുന്നു. എന്തുകൊണ്ടെന്നാൽ അവൻ ശക്തികളുടേയും കഴിവുകളുടേയും ഉത്ഭവസ്ഥാനത്തെ തിരിച്ചറിയാതിരിക്കുകയും താനെന്തൊക്കെയോയാണെന്ന് മനസ്സിലാക്കുകയും ചെയ്തു.

അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ! നിങ്ങൾ ഏതെങ്കിലും വശത്തൂടെ ദൈവദൃഷ്ടിയിൽ അഹങ്കാരിയാകുകയും അത് നിങ്ങൾ അറിയാതെപോകുകയും ചെയ്യാതിരിക്കാൻ ഈ എല്ലാ കാര്യങ്ങളും ഓർമവെക്കുക. തന്റെ സഹോദരന്റെ തെറ്റായ വാക്കിനെ അഹങ്കാരത്തോടുകൂടി തിരുത്തുന്നവനും അഹങ്കാരത്തിൽ ഭാഗഭാക്കായി. തന്റെ സഹോദരൻ പറയുന്ന കാര്യം വിനയത്തോടെ കേൾക്കാതിരിക്കുകയും മുഖം തിരിച്ചുകളയുകയും ചെയ്യുന്നവനും അഹങ്കാരത്തിൽ ഭാഗഭാക്കായി. അടുത്തിരിക്കുന്ന തന്റെ ദരിദ്രനായ സഹോദരനോടു ഇഷ്ടക്കേടു കാണിക്കുന്നവനും അഹങ്കാരത്തിൽ പങ്കാളിയായി. ദുആ ചെയ്യുന്നവനെ പരിഹാസത്തോടെയും അപഹാസ്യത്തോടെയും കാണുന്നവനും അഹങ്കാരത്തിൽ ഭാഗഭാക്കായി. അല്ലാഹുവിന്റെ ദൂതനേയും മുർസലിനേയും പൂർണമായ നിലയിൽ അനുസരിക്കാൻ ആഗ്രഹിക്കാത്തവനും അഹങ്കാരത്തിൽനിന്ന് ഒരു ഭാഗം പറ്റി. അല്ലാഹുവിന്റെ ദൂതനും മുർസലും പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചു കേൾക്കാത്തവനും അദ്ദേഹത്തിന്റെ രചനകൾ ശ്രദ്ധിച്ചു വായിക്കാത്തവനും അഹങ്കാരത്തിൽനിന്ന് ഒരു പങ്കുപറ്റി. അതുകൊണ്ട് നിങ്ങൾ നശിക്കാതിരിക്കാനും നിങ്ങളുടെ കുടുംബാംഗങ്ങളോടൊപ്പം മോക്ഷം പ്രാപിക്കാനും അഹങ്കാരത്തിന്റെ ഒരംശംപോലും നിങ്ങളിലില്ലാതിരിക്കാൻ ശ്രമിക്കുക.

*(റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 402, നുസൂലുൽമസീഹ് പേജ് 26)*

## മുസ്ലിമീങ്ങൾ തങ്ങളുടെ എല്ലാ ജോലികളും ബിസ്മില്ലാഹ് കൊണ്ടു തുടങ്ങുന്ന സുന്നത്ത് നബി(സ)തിരുമേനി സ്ഥാപിച്ചു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 'ബിസ്മില്ലാ' യുടെ ശ്രേഷ്ഠതയെ സംബന്ധിച്ച് പറയുന്നു:ബിസ്മില്ലായുടെ ശ്രേഷ്ഠതയിൽ നബി(സ)തിരുമേനി പ്രത്യേകമായ ശക്തി ചെലുത്തിയിരിക്കുന്നു. അവിടന്ന് പറയുന്നു: **'കുല്ലു അംരിൻ ദീ ബാലിൻ ലാ യുബ്ദഉ ഫീഹി ബിസ്മില്ലാഹിർറഹ്മാനിർറഹീമി അഖ്ത്വഉ'** (അർബയീൻ ഹാഫിള് അബ്ദുൽഖാദിർ അൻ അബീഹുറയ്റത്ത് ബിഹവാല അദ്ദുററുൽ മൻഥൂർ) അതായത് ബിസ്മില്ലാഹ് കൊണ്ടു തുടങ്ങാത്ത ഏതൊരു ജോലിയും ദൈവാനുഗ്രഹമില്ലാത്തതാണ്. അങ്ങനെ മുസ്ലിമീങ്ങൾ തങ്ങളുടെ എല്ലാ ജോലികളും ബിസ്മില്ലാഹ് കൊണ്ടു തുടങ്ങുന്ന സുന്നത്ത് നബി(സ)തിരുമേനി സ്ഥാപിച്ചു. ഒരു ഹദീഥുണ്ട്: **ഉഗ്‌ലുഖ് ബാബക്ക വദ്കുറസമല്ലാഹി അസ്സ വ ജല്ല ഫഇന്നശ്ശയ്ത്വാന ലാ യഫ്ത്തഹു ബാബൻ മുഗ്‌ലഖൻ വത്വ്ഫീ മിസ്വ്ബാഹക്ക വദ്കുറസമല്ലാഹി വ ഖമ്മിർ ഇനാഅക്ക വലൗ ബി ഊദിൻ തഅ്രിളഹൂ വദ്കുറസമല്ലാഹി വ ഔക്കി സിഖാഅക്ക വദ്കുറസമല്ലാഹി അസ്സ വ ജല്ല** *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 3, പേജ് 319)* നിങ്ങളുടെ വാതിൽ അടയ്ക്കുമ്പോഴും ബിസ്മില്ലാഹ് ചൊല്ലുക; വിളക്കണയ്ക്കുമ്പോഴും പാത്രം മൂടിവെക്കുമ്പോഴും വെള്ളം നിറച്ച പാത്രത്തിന്റെ വായ കെട്ടിവെക്കുമ്പോഴും(ബിസ്മില്ലാഹ് ചൊല്ലുക). ഇതുപോലെ തന്നെ ഭാര്യയുടെ അടുത്തുപോകുമ്പോഴും വുളു ചെയ്യുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും ശുചിമുറിയിൽ കടക്കുന്നതിനു മുമ്പേയും വസ്ത്രം ധരിക്കുമ്പോഴും ബിസ്മില്ലാഹ് ചൊല്ലുക. മറ്റൊരു ഹദീഥിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്, വിശുദ്ധ ഖുർആനിൽ ഹദ്റത്ത് സുലയ്മാന്റെ ഒരു കത്തിനെ സംബന്ധിച്ച് പറയപ്പെട്ടിരക്കുന്നു, അദ്ദേഹവും തന്റെ കത്ത് ബിസ്മില്ലാഹ് കൊണ്ടാണ് തുടങ്ങിയതെന്ന്! **ഇന്നഹൂ മിൻ സുലയ്മാന വ ഇന്നഹൂ ബിസ്മില്ലാഹിർറഹ്മാനിർറഹീമി** (27:31)ഇത് സുലയ്മാനിൽനിന്നുള്ളതാണ്, പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ


ശേഷം പേജ് 12 ൽ



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ഹദ്റത്ത് ഉമർ ഫാറൂഖ്(റ)ന്റെ ഖിലാഫത്തു കാലഘട്ടത്തിൽ ഇസ്‌ലാമിക ഭരണപ്രദേശം വിദൂര പ്രദേശങ്ങളുടെ അതിർത്തികൾ സ്പർശിക്കാൻ തുടങ്ങി. കിഴക്ക് ജീഹൂൻ നദിയും സിന്ധുനദിയും മുതൽ പടിഞ്ഞാറ് ആഫ്രിക്കയിലെ മരുഭൂമികൾ വരേയ്ക്കും അതുപോലെ വടക്ക് ഏഷ്യമൈനറിലെ മലകളും അർമീനിയായും മുതൽ തെക്ക് ബഹ്റുൽകാഹിലും ബഹ്ർ നൂബയുംവരെയും ഒരു ആഗോള ഭരണകൂട രൂപത്തിൽ ലോക ഭൂപടത്തിൽ വെളിപ്പെടുകയുണ്ടായി.

### നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്‌ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

ഫർമായുദ്ധം, ബിൽബീസ് വിജയം, ഉംദുനയ്ൻ വിജയം, ഫുസ്ത്വാത് യുദ്ധം, അലക്സാൺട്രിയ(ഇസ്കൻദരിയ) അധീനപ്പെടുത്തൽ, ബർഖ, ത്വറാബലിസ് വിജയങ്ങൾ തുടങ്ങിയവയുടെ വിശദമായ വിവരണവും ഹദ്റത്ത് ഉമറിന്റെ കല്പനയാൽ അലക്സാൺട്രിയ ലൈബ്രറി കത്തിച്ച സംഭവം സംബന്ധിച്ച് പൗരസ്ത്യവാദികളുടെ ആക്ഷേപത്തിന്റെ യാഥാർഥ്യവും.

'ആത്മീയാഭിവൃദ്ധിക്കുവേണ്ടിയാണ് നമുക്ക് ആപത്തുകൾ വരുന്നത്. വിഷമങ്ങളിലൂടെ കടന്നു പോവേണ്ടതായിവരും. ഇക്കാര്യം ഇന്നും നമ്മൾ ഓർമയിൽ വെക്കുകയാണെങ്കിൽ ഈ മുസീബത്തുകളും ബുദ്ധിമുട്ടുകളും നമ്മെ അല്ലാഹുവിന്റെ അടുത്തേക്ക് നയിക്കുന്നതിന് കാരണമായിത്തീരുന്നതാണ്. ഇതുതന്നെയാണ് പിന്നീട് വിജയത്തിനുള്ള മാർഗമായി തീരുന്നത്. അഥവാ ഇക്കാര്യങ്ങളിൽ നമ്മൾ പിന്നിൽത്തന്നെ നിൽക്കുകയാണെങ്കിൽ നമ്മുടെ സംസ്കരണത്തിന് ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നെ അഭിവൃദ്ധി ഉണ്ടാവുകയില്ല. അഭിവൃദ്ധി ലഭ്യമായാൽ ആപത്തുകൾ അവസാനിച്ചാലും നമ്മുടെ ബന്ധം അല്ലാഹുവുമായി നിലനിൽക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ പ്രത്യേകമായി അല്ലാഹുവിലേക്ക് കൂടുതലായി ശ്രദ്ധ ഉണ്ടാവേണ്ടതാണ്. നമ്മുടെ ആത്മീയമായ ഉയർച്ച, ആത്മീയമായ ഉന്നമനം എന്നിവയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

**ഖുത്ബ ജുമുഅ 2021 ഒക്ടോബർ 01/1400 അഖാഅ് 01,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഒരു പ്രഭാഷണത്തിൽ തബ്‌ലീഗിനെ കുറിച്ച് വിവരിക്കുമ്പോൾ ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിലെ സംഭവങ്ങളെ സംബന്ധിച്ച് പരാമർശിച്ചുകൊണ്ടു പറയുന്നു: നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം നടന്ന യുദ്ധങ്ങളിൽ മിക്കപ്പോഴും മുസ്‌ലിമീങ്ങളുടെ അംഗബലം കുറവായിരുന്നു. സിറിയയുദ്ധത്തിൽ മുസ്‌ലിംപക്ഷം തുലോം കുറവായിരുന്നു. ആയതിനാൽ ഹദ്റത്ത് അബൂ ഉബയ്ദ(റ), ഹദ്റത്ത് ഉമർ(റ)നോട് ശത്രുക്കൾ വളരെ കൂടുതലാണെന്നും അതുകൊണ്ട് കൂടുതൽ സൈന്യത്തെ അയക്കാനുള്ള ഏർപ്പാട് ചെയ്യണമെന്നും കത്ത് മുഖേന അഭ്യർഥിക്കുകയുണ്ടായി. ഹദ്റത്ത് ഉമർ(റ) സ്ഥിതിഗതികൾ വിലയിരുത്തിയപ്പോൾ പുതിയ സൈന്യത്തെ തയ്യാറാക്കുക അസാധ്യമാണെന്ന് മനസ്സിലായി. കാരണം അറേബ്യയുടെ ചുറ്റുവട്ടത്തുള്ള ഗോത്രങ്ങളിലെ യുവാക്കൾ വധിക്കപ്പെടുകയോ അല്ലെങ്കിൽ സൈന്യത്തിൽ മുമ്പേതന്നെ ഭാഗഭാക്കാകുകയോ ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം കൂടിയാലോചന നടത്താനായി ഒരു സഭ വിളിച്ചു ചേർത്തു. അതിൽ വ്യത്യസ്ത ഗോത്രങ്ങളിൽനിന്നുമുള്ള വ്യക്തികളെയും പങ്കെടുപ്പിച്ചു. അവരുടെ മുമ്പിൽ ഇക്കാര്യം അവതരിപ്പിച്ചു. ഒരു ഗോത്രത്തിൽനിന്നു കുറച്ചുപേരെ ലഭിക്കാൻ സാധ്യതയുണ്ടെന്ന് അവർ അഭിപ്രായപ്പെട്ടു. ഉടനടി ഹദ്റത്ത് ഉമർ(റ) ഒരു ഓഫീസറെ ആ ഗോത്രത്തിലെ യുവാക്കളെ ഒരുമിച്ച് കൂട്ടാൻ നിയമിച്ചു. എന്നിട്ട് ഹദ്റത്ത് അബൂ ഉബയ്ദയോടു ആറായിരം സൈനികരെ അദ്ദേഹത്തെ സഹായിക്കാൻ അയക്കുന്നുണ്ടെന്നും ഏതാനും ദിവസങ്ങൾക്കകം അവർ അവിടെ എത്തുമെന്നും എഴുതി അറിയിച്ചു. മൂവായിരം പേർ ഇന്ന ഇന്ന ഗോത്രങ്ങളിൽ നിന്നുമായി അദ്ദേഹത്തിന്റെ അടുത്തെത്തുമെന്നും ശേഷിച്ച മൂവായിരത്തിന് തുല്യമായി അംറ് ബിൻ മഅ്ദി കരിബ് വന്നു ചേരുന്നതാണെന്നും അറിയിച്ചു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'നമ്മുടെ ഒരു യുവാവിനെ മൂവായിരം പേർക്കുപകരം അയക്കുകയാണെങ്കിൽ, പറയുക ഇതെന്തൊരു ബുദ്ധിശൂന്യമായ കാര്യമാണ്. ഖലീഫയുടെ ബുദ്ധി നശിച്ചു പോയോ? ഒരാൾക്കെങ്ങനെ മൂവ്വായിരത്തിന് പകരമാകാൻ സാധിക്കും? എന്നൊക്കെ അവർ പറഞ്ഞു. എന്നാൽ, അവരുടെ ഈമാൻ വളരെയധികം സുദൃഢമായിരുന്നു. ഹദ്റത്ത് അബൂഉബയ്ദക്ക് ഹദ്റത്ത് ഉമറിന്റെ കത്ത് ലഭിച്ചപ്പോൾ അദ്ദേഹം അത് സൈനികർക്ക് മുൻപാകെ വായിച്ച് കേൾപിച്ചുകൊണ്ട് പറഞ്ഞു: 'സന്തോഷിച്ച് കൊള്ളുക! നാളെ അംറ് ബിൻ മഅ്ദി കരിബ് നിങ്ങളുടെ അടുത്തെത്തുന്നതാണ്. സൈനികരെല്ലാം അടുത്ത ദിവസം വളരെ ആവേശപൂർവം അംറ് ബിൻ മഅ്ദി കരിബിനെ വരവേൽക്കുകയും തക്ബീർ ധ്വനി മുഴക്കുകയും ചെയ്തു. അതുകണ്ട് ശത്രുക്കൾ കരുതി, മുസ്‌ലിമീങ്ങളെ സഹായിക്കാൻ ഒന്നോ രണ്ടോ ലക്ഷംപേരുടെ സൈന്യം വരുന്നതുകൊണ്ടാണ് അവർ ഇത്രയും സന്തോഷിക്കുന്നതതെന്ന്. എന്നാൽ, അംറ് ബിൻ മഅ്ദി കരിബ് മാത്രമായിരുന്നു അപ്പോൾ വന്നിരുന്നത്. ശേഷം മൂവായിരം പേരടങ്ങുന്ന സൈന്യവും അവിടെയെത്തി. മുസ്‌ലിമീങ്ങൾ ശത്രുക്കളെ പരാജയപ്പെടുത്തി. വാൾകൊണ്ടുള്ള യുദ്ധത്തിൽ ഒരാൾ മൂവായിരം പേരെ എങ്ങനെ നേരിടുമെന്ന ഒരു ചോദ്യം അവശേഷിക്കുന്നു. പറയുന്നു: വാക്കാലുള്ള യുദ്ധത്തിൽ ഒരാൾക്ക് ആയിരക്കണക്കിന് പേരിലേക്ക് തന്റെ ആശയമെത്തിക്കാൻ സാധിക്കും. മുസ്‌ലിമീങ്ങൾ കാലത്തിന്റെ ഖലീഫയുടെ വാക്കിന് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് ഉമർ(റ), അംറ് ബിൻ മഅ്ദി കരിബിനെ മൂവായിരം സൈനികർക്ക് പകരമായി അയച്ചപ്പോൾ ഒരാൾ എങ്ങനെ മൂവ്വായിരം പേരെ നേരിടുമെന്ന ആക്ഷേപം ഉന്നയിക്കാതെ അദ്ദേഹത്തെ മൂവ്വായിരം പേർക്ക് സമമായി കണക്കാക്കുകയും പ്രതാപപൂർവ്വമായ വരവേൽപ് നൽകുകയും ചെയ്തത്. മുസ്‌ലിമീങ്ങളുടെ ആ വരവേൽപ്പുകാരണം ശത്രുക്കൾ ഭയപ്പെടുകയും ഒന്നോ രണ്ടോ ലക്ഷത്തിന്റെ സൈന്യം മുസ്‌ലിമീങ്ങളെ സഹായിക്കാൻ വന്നെത്തിയെന്ന് അവർ കരുതുകയും യുദ്ധ മൈതാനത്തു അവരുടെ കാലിടറുകയും അവർ പരാജയം സമ്മതിച്ച് പിന്തിരി

ഞ്ഞോടുകയും ചെയ്തു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: 'നമ്മളും ഇപ്രകാരം സമാശ്വസിക്കേണ്ടതും സംതൃപ്തി അടയേണ്ടതുമാണ്.' *(സ്പെയിൻ ഔർ സിസ്‌ലീ മെ തബ്‌ലീഗെ ഇസ്‌ലാമും അഹ്മദിയ്യ ജമാഅത്തും,അൻവാറുൽഉലൂം,വാള്യം18,പേജ്359-360)* ഇക്കാര്യം അദ്ദേഹം യൂറോപ്പിലും സ്പെയിനിലും സിസിലിയിലും മറ്റും എങ്ങനെ തബ്‌ലീഗ് ചെയ്യണംമെന്ന് വിവരിച്ചുകൊണ്ട് പറഞ്ഞതാണ്. ആ സന്ദർഭത്തിലാണ് ഈ സംഭവം വിവരിച്ചത്. ഇനി ഈജിപ്ത് വിജയങ്ങളെ കുറിച്ച് വിവരിക്കുന്നതാണ്. 'ഫർമാ' യുദ്ധം അതിന്റെ ഭാഗമാണ്. ഫർമാ ഈജിപ്തിലെ ഒരു സുപ്രസിദ്ധ നഗരമായിരുന്നു. ഇതു നൈൽനദിക്ക് ചേർന്നുള്ള ഉപനദികളിൽ റൂം നദിക്കും പാലോസി നദിക്കും മുൻവശത്ത് ഒരു പർവ്വത മുകളിൽ സ്ഥിതി ചെയ്യുന്ന പട്ടണമാണ്. *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം ഹബീബ് അശ്അർ, പേജ് 556-557,,ഇസ്‌ലാമീ കുതുബു ഖാന ഉർദു ബാസാർ കറാച്ചി)*

അല്ലാമ ശിബ്‌ലി നുഅ്മാനിയുടെ അഭിപ്രായത്തിൽ ബയ്ത്തുൽ മുഖദ്ദസ് വിജയത്തിനുശേഷം ഹദ്റത്ത് അംറ് ബിൻ ആസിന്റെ നിർബന്ധം കാരണം ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടൊപ്പം നാലായിരം പേരടങ്ങുന്ന സൈന്യത്തെ ഈജിപ്തിന്റെ ഭാഗത്തേക്ക് അയക്കുകയുണ്ടായി. എന്നാൽ, ഈജിപ്ത് എത്തുന്നതിനുമുമ്പേ എന്റെ കത്ത് ലഭിക്കുകയാണെങ്കിൽ തിരിച്ചുപോരണമെന്ന കൽപ്പനയും നൽകി. അവർ 'അരീശി' ലെത്തിയപ്പോൾ ഹദ്റത്ത് ഉമർ(റ)ന്റെ കത്തുലഭിച്ചു. അതിൽ യാത്ര തുടരുന്നത് വിലക്കിയിട്ടുണ്ടായിരുന്നെങ്കിലും ആ കൽപന സോപാധികമായതിനാൽ ഹദ്റത്ത് അംറ് പറഞ്ഞു: 'നമ്മൾ ഈജിപ്തിന്റെ അതിർത്തിയിൽ വന്നു കഴിഞ്ഞിരിക്കുകയും അരീശിൽ നിന്നു ഫർമായിലെത്തുകയും ചെയ്തിരിക്കുന്നു.' *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 160, ദാറുൽഇശാഅത്ത് കറാച്ചി 1991)*

ഇസ്‌ലമിക യുദ്ധങ്ങളെകുറിച്ച് അൽഇക്തിഫാ എന്നൊരു ഗ്രന്ഥമുണ്ട്. അതിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്: ഹദ്റത്ത് അംറ് ബിൻ ആസ്(റ) 'റഫഹ്'എന്ന സ്ഥലത്തെത്തിയപ്പോൾ അദ്ദേഹത്തിന് ഹദ്റത്ത് ഉമർ(റ)ന്റെ കത്ത് ലഭിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് ഉമർ (റ) മുൻകൂട്ടി പറഞ്ഞതുപോലെ ആ കത്തിൽ മടങ്ങിപോകാനുള്ള നിർദേശമുണ്ടാകുമെന്ന ഭയത്താൽ അദ്ദേഹം സന്ദേശവാഹകനിൽ നിന്നു കത്തു വാങ്ങിയില്ല. യാത്ര തുടരുകയും റഫഹ്നും അരീശിനും ഇടയിലുള്ള ഒരു ഗ്രാമത്തിലെത്തുകയും ആ സ്ഥലത്തെ കുറിച്ച് അന്വേഷിക്കുകയും ചെയ്തു. അത് ഈജിപ്തിന്റെ അതിർത്തിയാണെന്ന് അറിയാൻ സാധിച്ചു. അപ്പോൾ അദ്ദേഹം കത്തു വാങ്ങുകയും വായിക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പമുള്ള മുസ്‌ലിമീങ്ങളുമായി തിരികെ വരണമെന്ന് അതിൽ കൽപന ഉണ്ടായിരുന്നു. അപ്പോൾ അദ്ദേഹം അവിടെയുള്ളവരോട് ചോദിച്ചു: 'നമ്മൾ ഈജിപ്തിലെത്തിയെന്ന് നിങ്ങൾക്കറിയില്ലേ?' അവർ പറഞ്ഞു: 'അതെ ശരിയാണ്.' അതിനുശേഷം അദ്ദേഹം പറഞ്ഞു:

'എനിക്ക് അദ്ദേഹത്തിന്റെ കത്ത് ഈജിപ്തിന്റെ മണ്ണിലെത്തുന്നതിനുമുമ്പേ ലഭിക്കുകയാണെങ്കിൽ തിരികെ പോരണമെന്നാണ് ഹദ്റത്ത് അമീറുൽ മുഅ്മീനീന്റെ കൽപന. എന്നാൽ, ഈജിപ്തിലെത്തിയതിനുശേഷമാണ് ഈ കത്ത് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ നാമത്തിൽ മുന്നോട്ട് ഗമിക്കുക.' മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നത്. ഹദ്റത്ത് അംറ് ബിൻ ആസ് ഫലസ്തീനിലായിരുന്നു. അവിടെനിന്നു അദ്ദേഹം അനുമതി കൂടാതെ സൈന്യവുമായി ഈജിപതിലേക്ക് പോയെന്നാണ്. അതറിഞ്ഞ ഹദ്റത്ത് ഉമർ(റ) നീരസം പ്രകടിപ്പിക്കുകയും അദ്ദേഹത്തിന് ഒരു കത്തെഴുതുകയും ചെയ്തു. അരീശിന് അടുത്തെത്തിയപ്പോഴാ ണ് അദ്ദേഹത്തിന് ആ കത്ത് ലഭിച്ചത്. എന്നാൽ, അരീശിൽ പ്രവേശിച്ചശേഷം മാത്രമേ അദ്ദേഹം ആ കത്ത് വായിച്ചുള്ളു. അതിലിങ്ങനെ എഴുതിയിരുന്നു: 'അംറ് ബിൻ ആസിന്റെ പേരിൽ ഉമർ ബിൻ ഖത്ത്വാബ് എഴുതുന്നത്. അമ്മാ ബഅ്ദ്. നിങ്ങൾ സൈന്യവുമായി ഈജിപ്തിലേക്ക് പുറപ്പെട്ടിരിക്കുന്നു. അവിടെ റോമക്കാരുടെ വലിയ സൈന്യമുണ്ട്. നിങ്ങളുടെ അംഗബലം വളരെ കുറവുമാണ്. എന്റെ ആയുസ്സു കൊണ്ട് സത്യം! അല്ലാഹു നിങ്ങൾക്ക് നല്ലതു വരുത്തട്ടെ. നിങ്ങൾ ഇപ്പോൾ അവിടെ പോയിരുന്നില്ലെങ്കിൽ നന്നായേനെ. നിങ്ങൾ ഈജിപത്തിലെത്തിയില്ലെങ്കിൽ തിരിച്ചുവരിക.' *(അൽഇക്തിഫാഅ് ബിമാ.....മിൻ മഗാസി റസൂലില്ലാഹി(സ) വാള്യം 2, ഭാഗം 1, പേജ് 324-325, ഇസ്തിഖ്‌ലാഫ് ഉമർ ബിൻ അൽഖത്ത്വാബ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1420)*

ആ യാത്രയിൽ ഫർമായിലെത്തുന്നതിനു മുമ്പേ ഇസ്‌ലാമിക സൈന്യത്തിന് റോമൻ സൈന്യവുമായി ഏറ്റുമുട്ടേണ്ടി വന്നിരുന്നില്ല. ആരുമായും ഏറ്റുമുട്ടൽ ഉണ്ടായതുമില്ല. മറിച്ച് പല ഇടങ്ങളിലും ഈജിപ്തുകാർ അവർക്ക് സ്വാഗതമോതുകയായിരുന്നു. ഫർമായിലെത്തിയതിനു ശേഷമാണ് ആദ്യ യുദ്ധത്തിനുള്ള തയ്യാറെടുപ്പു നടന്നത്. ഇതിനെക്കുറിച്ച് വിവിധ നിവേദനങ്ങളുണ്ട്. എന്നാൽ, ഈജിപ്തിന്റെ അതിർത്തി പ്രദേശമായ അരീശിലെത്തിയതിനുശേഷമാണ് കത്ത് ലഭിച്ചതെന്ന നിവേദനമാണ് ശരിയായി തോന്നുന്നത്. അല്ലാതെ ഈജിപ്തിലെത്തിയതിനുശേഷം മാത്രമേ കത്ത് തുറക്കുകയുള്ളു എന്ന ഒഴികഴിവ് പറഞ്ഞിരിക്കാൻ തരമില്ല. എന്തായാലും ഈജിപ്തിലെത്തിയതിനുശേഷം യാത്ര തുടരേണ്ടതായിരുന്നു. കാരണം വിശ്വാസികളൊരിക്കലും ഒരു കാര്യത്തിൽനിന്നും പിറകോട്ടടിക്കാറില്ല. ഹദ്റത്ത് അംറിന്റെ കൂടെ ഒരു നിസാര സൈന്യമാണുള്ളതെന്നും അവരുടെ യുദ്ധ സന്നാഹങ്ങൾ തീരെ കുറവാണെന്നും അവർക്ക് ഒരുപാടുനാൾ ഉപരോധം തുടരാൻ ആകുകയില്ലെന്നും അംഗബലം തങ്ങൾക്കാണ് കൂടുതലെന്നും തയ്യാറെടുപ്പുകളും കൂടുതലായി തങ്ങൾ തന്നെയാണ് നടത്തുന്നതെന്നും അതുകൊണ്ട്, മുസ്‌ലിമീങ്ങളെ തങ്ങൾക്ക് തറപറ്റിക്കാനാകുമെന്നും റോമക്കാർ നിശ്ചയിച്ചു. റോമക്കാർ പട്ടണത്തിനകത്ത് കോട്ടയടച്ച് ഇരിപ്പായി. റോമക്കാരുടെ സൈനിക ശക്തിയെ കുറിച്ച് മനസ്സിലാക്കുകയും യുദ്ധക്കോപ്പുകളും അംഗബലവും അവർക്ക് തങ്ങളേക്കാൾ പതിന്മടങ്ങ് ഉണ്ടെന്ന് ബോധ്യമാവുകയും ചെയ്തപ്പോൾ ഹദ്റത്ത് അംറ് ബിൻ ആസ് ഫർമായെ അധീനപ്പെടുത്തുന്നതിന് ഒരു പദ്ധതിയിട്ടു. ഒന്നുകിൽ മിന്നലാക്രമണം നടത്തി ചുറ്റുമതിലിന്റെ വാതിലുകൾ തുറക്കുക! അല്ലെങ്കിൽ നഗരവാസികൾ ഭക്ഷണ സാധനങ്ങൾ കഴിഞ്ഞ് വിശപ്പ് സഹിക്കവയ്യാതെ പുറത്തുവരുന്നതുവരെ ഉപരോധം തുടർന്ന് ക്ഷമയോടെ കാത്തിരിക്കുക! അങ്ങനെ അവർ ഉപരോധം തുടർന്നു. മുസ്‌ലിമീങ്ങളുടെ ഉപരോധം തീവ്രമായിക്കൊണ്ടിരിക്കുകയും അതേ സമയം റോമക്കാർ തങ്ങളുടെ വാശിയിൽ തുടരുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ആ ഉപരോധം പല മാസങ്ങളോളം തുടർന്നു. ചിലപ്പോഴൊക്കെ ചില റോമൻ പട്ടാളക്കാർ പുറത്തുവരികയും മിന്നലാക്രമണം നടത്തി പിന്തിരിഞ്ഞു പോവുകയും ചെയ്യുമായിരുന്നു. ആ ആക്രമണങ്ങളിൽ വിജയം മുസ്‌ലിമീങ്ങൾക്ക് തന്നെയായിരുന്നു ലഭിച്ചിരുന്നത്. ഒരു ദിവസം ഒരു റോമൻ സംഘം പട്ടണത്തിന് പുറത്തിറങ്ങി മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്തു. അപ്പോഴും മുസ്‌ലിമീങ്ങൾ വിജയം നേടുകയും റോമക്കാർ പരാജയം ഏറ്റുവാങ്ങി പട്ടണത്തിലേക്ക് പിന്തിരിഞ്ഞോടുകയും ചെയ്തു. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്നു പോയി. മുസ്‌ലിമീങ്ങളുടെ വേഗം എത്രയധികമായിരുന്നെന്നാൽ ചില റോമക്കാർ കോട്ടവാതിലിൽ എത്തുന്നതിനുമുമ്പേ മുസ്‌ലിമീങ്ങൾ അവിടെ എത്തിച്ചേരുകയും നഗരകവാടങ്ങൾ തുറക്കുകയും സ്പഷ്ടമായ വിജയത്തിന് അങ്ങനെ വഴി ഒരുങ്ങുകയും ചെയ്തു.(സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബീ, മുത്തർജിം ഉർദു,പേജ് 755-756, അൽറഫുർഖാൻ ട്രസ്റ്റ് ഖാൻഗഡ് പാക്കിസ്താൻ)

ബിൽബീസ് വിജയം, ഇതെങ്ങനെയുണ്ടായി? ഫർമാക്കുശേഷം ഹദ്റത്ത് അംറ് ബിൻ ആസ് (റ)ബിൽബീസിലേക്ക് പോയി. റോമൻ സൈന്യം അദ്ദേഹത്തിന്റെ വഴി തടഞ്ഞു. ഫുസ്ത്വാത്വിൽ നിന്നു 30 മൈലുകൾക്കപ്പുറം സിറിയയുടെ ഭാഗത്തേക്കുള്ള ഒരു പട്ടണമാണ് ബിൽബീസ്. മുസ്‌ലിമീങ്ങൾ ബാബിലോണിയക്കോട്ടവരെ എത്താതിരിക്കാൻ അവർ മാർഗതടസ്സം സൃഷ്ടിച്ചതാണ്. ദിയാർ മിസ്റിന്റെ പഴയ പേരാണ് ബാബിലോണിയ. പ്രത്യേകിച്ച് ഫുസ്ത്വാത്വ് നഗരം നിർമിക്കപ്പെട്ട സ്ഥലം മുമ്പേ ബാബിലോണിയ എന്നാണ് അറിയപ്പെട്ടിരുന്നത്. റോമൻ സൈന്യം അവിടെ വെച്ചാണ് യുദ്ധം ചെയ്യാൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ, ഹദ്റത്ത് അംറ് ബിൻ ആസ്(റ)അവരോട് പറഞ്ഞു: 'നാളെ പിറ്റേന്ന് നിങ്ങൾ ഒഴികഴിവുമായി വരാതിരിക്കാൻ ഞങ്ങൾ ഒരു തീരുമാനം അറിയിക്കുന്നതുവരെ നിങ്ങൾ ധിറുതി കൂട്ടരുത്.' തുടർന്ന് പറഞ്ഞു: 'നിങ്ങളുടെ ഭാഗത്തുനിന്ന് അംബാസിഡറായിക്കൊണ്ട് അബു മർയാമിനെ അയക്കുക. അങ്ങനെ അവർ തൽക്കാലം യുദ്ധം നിറുത്തിവെച്ചു. അവർ രണ്ടു പ്രധിനിധികളെ അയച്ചു. അവർ രണ്ടുപേരും ബിൽബീസുകാരുടെ മതപുരോഹിതന്മാരായിരുന്നു. ഹദ്റത്ത് അംറ് അവരുടെ മുമ്പിൽ ജിസിയ നൽകുക അല്ലെങ്കിൽ ഇസ്‌ലാം സ്വീകരിക്കുക എന്ന നിബന്ധന വെച്ചു. അതോടൊപ്പം ഈജിപ്തുകാരെകുറിച്ച് നബി (സ) തിരുമേനിയുടെ 'നിങ്ങൾ ഈജിപ്ത് ജയിച്ചടക്കുന്നതാണെന്ന ദീർഘദർശനവും' കേൾപ്പിച്ചു. 'അതെങ്ങനെയുള്ള രാജ്യമാണെന്നാൽ അവിടെ ഖീറാത്വിന്റെ പേരാണ് നടക്കുന്ന

ത്. മുസ്‌ലിമീങ്ങൾ ഈജിപ്തിൽ വിജയം നേടിയാൽ അവിടുത്തുകാരോട് ഔദാര്യപൂർവ്വം പെരുമാറേണ്ടതുണ്ട്. കാരണം അവരുമായി ഉത്തരവാദിത്വവും കുടുംബബന്ധവുമുണ്ട്. അല്ലെങ്കിൽ ഉത്തരവാദിത്വവും ചാർച്ചയുമുണ്ടെന്ന് പറഞ്ഞു. അതു കേട്ടപ്പോൾ ആ രണ്ടു പ്രതിനിധികളും പറഞ്ഞു: 'ഇതു വളരെ അകന്ന ബന്ധമാണ്. പ്രവാചകന്മാർക്ക് മാത്രമേ അത്തരം ബന്ധങ്ങൾ നിറവേറ്റാനാവുകയുള്ളു. ഞങ്ങളെ പോകാൻ അനുവദിക്കുക. ഞങ്ങൾ തിരിച്ചുപോവുകയാണ്.' ഹദ്റത്ത് അംറ് ബിൻ ആസ് (റ) പറഞ്ഞു: 'എന്നെപ്പോലെ ഒരാളെ നിങ്ങൾക്ക് കബളിപ്പിക്കാൻ കഴിയില്ല. ഞാൻ നിങ്ങൾക്കു മൂന്നു ദിവസത്തെ സമയം തരാം. നിങ്ങൾ നല്ലതു ചിന്തിച്ച് തീരുമാനം അറിയിക്കുക.' ഇരുവരും പറഞ്ഞു: 'ഒരു ദിവസം കൂടി നീട്ടിത്തരണം. അദ്ദേഹം അവർക്ക് ഒരു ദിവസം കൂടുതൽ നൽകി. രണ്ടുനേതാക്കന്മാരും തിരിച്ചുപോയി ഖിബ്ത്വികളുടെ നേതാവായ മുഖൗഖിസിന്റേയും റോമൻ ചക്രവർത്തിയുടെ കീഴിലുള്ള ഈജിപ്തിന്റെ ഭരണാധികാരി അർത്വബൂനിന്റേയും അടുത്തു ചെന്ന് മുസ്‌ലിമീങ്ങളുടെ കാര്യം അവതരിപ്പിച്ചു. അർത്വബൂൻ അത് അംഗീകരിക്കാൻ കൂട്ടാക്കിയില്ല. യുദ്ധം ചെയ്യാൻ ഉറച്ച തീരുമാനം എടുക്കുകയും മുസ്‌ലിമീങ്ങളെ രാത്രിക്കുരാമാനം ആക്രമിക്കുകയും ചെയ്തു. അർത്വബൂനിന്റെ സൈന്യത്തെ കുറിച്ച് പറയപ്പെടുന്നത് അവർ പന്ത്രണ്ടായിരം പേരുണ്ടായിരുന്നു എന്നാണ്. ആ പോരാട്ടത്തിൽ മുസ്‌ലിമീങ്ങളുടെ നല്ലൊരു ശതമാനംപേർ ശഹീദാകുകയുണ്ടായി. റോമക്കാരുടെ ആയിരം സൈനികർ വധിക്കപ്പെടുകയും മൂവായിരംപേർ ബന്ദികളാകുകയും ചെയ്തു. അർത്വബൂൻ മൈതാനം വിട്ടോടിയെന്നും ആ യുദ്ധത്തിൽതന്നെ വധിക്കപ്പെട്ടുവെന്നും പറയപ്പെടുന്നു. മുസ്‌ലിമീങ്ങൾ അയാളെയും അയാളുടെ സൈന്യത്തെയും അലക്സാൺട്രിയായിൽവച്ച് പരാജയപ്പെടുത്തി. മുസ്‌ലിമീങ്ങൾ ബിൽബീസിൽ ഒരു മാസം തങ്ങി എന്ന കാര്യത്തിൽ ചരിത്രകാരന്മാർ യോജിക്കുന്നുണ്ട്. ആ സമയത്ത് ഏറ്റുമുട്ടൽ തുടരുകയും മുസ്‌ലിമീങ്ങൾക്ക് അവസാന വിജയം ലഭിക്കുകയും ചെയ്തു. എന്നാൽ, ആ യുദ്ധം രൂക്ഷമായിരുന്നോ എന്ന കാര്യത്തിൽ അഭിപ്രായഭിന്നതയുണ്ട്. *(സയ്യിദുനാ ഉമർ ബിൻ ഖത്താബ്, അസ്സ്വലാബീ, മുത്തർജിം ഉർദു,പേജ് 757-758, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)(ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം ഹബീബ് അശ്അർ, പേജ് 564-565, പ്രസാധകർ ഇസ്‌ലാമീ കുതുബു ഖാന, ഉർദു ബസാർ ലാഹോർ)(അൽഇക്തിഫാഅ് ബിമാ.....മിൻ മഗാസി റസൂലില്ലാഹി(സ )ഭാഗം 2, പേജ് 346, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1420)(മുഅ്ജമുൽ ബുൽദാൻ വാല്യം 1, പേജ് 567, ബിൽബീസ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(അറ്റ്ലസ് ഫുതൂഹാത്തെ ഇസ്‌ലാമിയ്യ, വാല്യം 2, പേജ് 225, ദാറുസ്സലാം അർരിയാള് ഹിജ്റ 1428)*

ആ പോരാട്ടത്തിൽ മുസ്‌ലിമീങ്ങളുടെ വിവേകത്തെയും സൽസ്വഭാവത്തെയും കുറിക്കുന്ന ഒരു സംഭവം നടക്കുകയുണ്ടായി. സംഭവിച്ചത് ഇതാണ്: 'ബിൽബീസിൽ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം നൽകിയപ്പോൾ അതിൽ മുഖൗഖിസിന്റെ മകളും ബന്ദിയാക്കപ്പെട്ടിരുന്നു. അവളുടെ പേര് അർമാനൂസാ എന്നായിരുന്നു. അവൾ തന്റെ പിതാവിന്റെ പ്രിയപുത്രിയായിരുന്നു. അവളുടെ പിതാവ് ഹിർഖലിന്റെ മകൻ കോൺസ്റ്റന്റൈനുമായി അവളുടെ വിവാഹം നടത്താൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, അവൾക്ക് ആ വിവാഹത്തിനു സമ്മതം ഉണ്ടായിരുന്നില്ല. അക്കാരണത്താൽ അവൾ തന്റെ തോഴിയുമൊത്ത് വിനോദത്തിന് ബിൽബീസിൽ വന്നതായിരുന്നു. മുസ്‌ലിമീങ്ങൾ അവളെ ബന്ദിയാക്കിയപ്പോൾ അംറ് ബിൻ ആസ് എല്ലാ സ്വഹാബാക്കളുമൊത്ത് ഒരു യോഗം ചേരുകയുണ്ടായി. എന്നിട്ട് അവരെ അല്ലാഹുവിന്റെ ഈ വചനം കേൾപ്പിച്ചു. ഹൽജസാഉൽ ഇഹ്സാനി ഇല്ലൽഇഹ്സാൻ(55:61)സൽകർമം ചെയ്യുന്നതിന് സൽഫലം നല്കുകയല്ലാതെ മറ്റുവല്ല പ്രതിഫലവുമുണ്ടോ? പിന്നീട് ഹൽജസാഉൽ ഇഹ്സാനി ഇല്ലൽഇഹ്സാൻ എന്ന വചനമുദ്ധരിച്ച് പറഞ്ഞു: 'നമ്മുടെ നബി(സ) തിരുമേനിയ്ക്ക് മുഖൗഖസ് സമ്മാനം അയച്ചിരുന്നു. എന്റെ അഭിപ്രായത്തിൽ ഇവളെയും ഇവളോടൊപ്പമുള്ള മറ്റുസ്ത്രീകളെയും ഭൃത്യന്മാരെയും അതുപോലെ നമുക്ക് ലഭിച്ച എല്ലാ സ്വത്തും മുതലും എല്ലാംതന്നെ മുഖൗഖസിന് തിരിച്ചയക്കുകയാണ് വേണ്ടത്. എല്ലാവരും അംറ് ബിൻ ആസിന്റെ അഭിപ്രായത്തെ ശരിവെച്ചു. അങ്ങനെ അംറ് ബിൻ ആസ് (റ), മുഖൗഖസിന്റെ മകൾ അർമാനൂസയെ സർവ്വാഭരണ വിഭൂഷിതയായിതന്നെ പരിവാര സമേതം വളരെ ആദരപൂർവം അവളുടെ പിതാവിന്റെ അടുത്തേക്ക് അയച്ചു. തിരിച്ചു പോരവേ അർമാനൂസയോട് അവളുടെ തോഴി പറഞ്ഞു: 'നമ്മൾ അറബികളാൽ ചുറ്റപ്പെട്ട നിലയിലാണ്.' അപ്പോൾ അർമാനൂസ പറഞ്ഞു: 'അവരുടെ കൂടാരത്തിൽ ഞാൻ എന്റെ ജീവനും അന്തസ്സും സുരക്ഷിതമായി മനസ്സിലാക്കുന്നു. എന്നാൽ ഞാൻ എന്റെ പിതാവിന്റെ കൊട്ടാരത്തിൽ സ്വന്തം ജീവൻ സുരക്ഷിതമെന്ന് കരുതുന്നില്ല.' അങ്ങനെ അവൾ തന്റെ പിതാവിന്റെ അടുത്ത് തിരികെയെത്തിയപ്പോൾ അവളോടുള്ള മുസ്‌ലിമീങ്ങളുടെ പെരുമാറ്റത്തെ കുറിച്ചറിഞ്ഞ് അയാൾ അതീവ സന്തുഷ്ടനായി.*(സയ്യിദുനാ ഉമർ ബിൻ ഖത്താബ്, അലി മുഹമ്മദ് സ്വലാബീ, ഉർദു മുത്തർജിം ,പേജ് 758-759, പ്രസാധകർ അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)*

ഉംദുനയ്ൻ എന്നൊരു സ്ഥലമുണ്ട്. അവിടയുണ്ടായ വിജയമാണ് ഇനി വിവരിക്കാൻ പോകുന്നത്. ബിൽബീസ് വിജയത്തിനുശേഷം ഹദ്റത്ത് അംറ് ബിൻ ആസ്(റ)മരുഭൂമിയുടെ അതിർത്തികളിലേക്ക് സൈനിക മുന്നേറ്റം നടത്തുകയും നൈൽനദി തടത്തിൽ തറാജാൻ കടലിടുക്കിന്റെ പ്രഭവ സ്ഥാനത്തുള്ള ഉംദുനയ്ൻ പ്രദേശത്തിടുത്തെത്തുകയും ചെയ്തു. ഇത് സൂയസ് കനാലിനടുത്ത് ഈജിപ്ത് നഗരത്തെ റൂം നദിയുമായി ബന്ധപ്പെടുത്തുന്ന സ്ഥലമാണ്. ഇന്ന് അവിടെ കെയ്റോ പട്ടണത്തിലെ അസ്ബാക്കിയാ പ്രദേശം സ്ഥിതി ചെയ്യുന്നു. അവിടെ ഉംദുനയ്ൻ നഗരം ആയിരുന്നു സ്ഥിതി ചെയ്തിരുന്നത്. അതിനെ റോമക്കാർ കോട്ടയടച്ച് ഉപരോധിച്ചിരിക്കുകയായിരുന്നു. അതിനടുത്ത് നൈൽനദിയുടെ തുറമുഖമായിരുന്നു. ആ തുറമുഖത്ത് ഒരുപാട് കപ്പലുകൾ നങ്കൂരമിട്ടിരുന്നു. ഈ നഗരം ബാബിലോണിയക്ക് ഉത്തരഭാഗത്തായിരുന്നു. അത് ഈജിപ്ത് നഗരത്തിന്റെ ഏറ്റവും വലിയ ദുർഗ്ഗമായിരുന്നു. അതുകൊണ്ടുതന്നെ ഉംദുനയ്ൻ ഈജിപ്തുകാർക്ക് പ്രിയപ്പെട്ട നഗരമായിരുന്നു. പൂർവ്വകാലത്ത് അത് ഫറോവമാരുടെ തലസ്ഥാന നഗരിയായിരുന്നു. അതിനെ ഏറ്റവും ആദ്യത്തെ സൈനിക താവളം എന്ന് പറയാവുന്നതാണ്. ഉംദുനയ്നടുത്ത് ചെന്ന് മുസ്‌ലിമീങ്ങൾ തമ്പടിച്ചു. റോമക്കാർ ബാബിലോണിയൻ കോട്ടയിൽ തങ്ങളുടെ മികച്ച പട്ടാളത്തെ എത്തിച്ചിട്ടുണ്ടായിരുന്നു. ഉംദുനയ്ന്റെ കോട്ടയെ അവർ സുശക്തമായ നിലയിൽ സംരക്ഷിക്കുകയും യുദ്ധത്തിനുള്ള സർവ്വ സന്നാഹങ്ങളും നടത്തുകയും ചെയ്തിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസിന് രഹസ്യനീക്കങ്ങൾ വഴി തന്റെ സൈന്യം ബാബിലോണിയ കോട്ടയെ ജയിച്ചടക്കാനോ ഉപരോധിക്കാനോ അപര്യാപ്തമാണെന്ന് ബോധ്യമായിരുന്നു. അദ്ദേഹം ഒരു സന്ദേശവാഹകന്റെ കൈയിൽ മദീനയിലേക്ക് ഒരു കത്തയച്ചു. അതിൽ തന്റെ ഈജിപ്ത് യാത്രയുടെ വിവരണവും കോട്ടകളുടെ വിശദാംശങ്ങളും അതുപോലെ അവിടെ യുദ്ധം ചെയ്യാൻ വേണ്ടിയുള്ള പോഷക സൈന്യങ്ങളുടെ ആവശ്യകതയും സവിസ്തരം പ്രതിപാദിച്ചിരുന്നു. എന്നിട്ടദ്ദേഹം സഹായക സൈന്യങ്ങൾ ഉടൻ എത്തിച്ചേരുമെന്ന് അവിടെ വിളംബരപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഉംദുനയ്നിലക്ക് മുന്നേറ്റം നടത്തുകയും അതിന് ഉപരോധം തീർക്കുകയും കോട്ടക്കകത്തേക്കുള്ള ഭക്ഷണ സാധനങ്ങളും സൈനിക ആവശ്യങ്ങളും എത്തുന്നത് നിറുത്തലാക്കുകയും ചെയ്തു. ബാബിലോണിയ കോട്ടയിലുള്ള റോമക്കാർ അവിടേക്ക് വരാൻ ശ്രമിച്ചില്ല. കാരണം ബിൽബീസിൽ അർത്വബൂനിന്റെ പര്യവസാനം അവർ കണ്ടിരുന്നു. അതുപോലെ തുറന്ന മൈതാനത്തുവെച്ച് അറബികളുമായി യുദ്ധം ചെയ്യുക അവർക്ക് അസാധ്യമാണെന്ന് മനസ്സിലാകുകയും ചെയ്തു. ഉംദുനയ്ന്റെ സൈന്യം വല്ലപ്പോഴൊക്കെ പുറത്ത് വരികയും നിഷ്ഫലമായ ആക്രമണങ്ങൾ നടത്തി പിൻവാങ്ങുകയും ചെയ്യുമായിരുന്നു. അങ്ങനെ ആഴ്ചകളോളം കടന്നു പോയി. ആ ഇടക്ക് ഖിലാഫത്തിന്റെ ദർബാറിൽ നിന്നു ആദ്യത്തെ പോഷക സൈന്യം പുറപ്പെട്ടുവെന്നും ഇന്നോ നാളെയോ അത് എത്തിച്ചേരുമെന്നുമുള്ള വാർത്ത മുസ്‌ലിമീങ്ങൾക്ക് ലഭിക്കുകയും ചെയ്തു. ആ വാർത്ത കാരണം മുസ്‌ലിമീങ്ങളുടെ ധൈര്യവും ശക്തിയും വാർധിച്ചു. *(ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം ഹബീബ് അശ്അർ, പേജ് 567-570, പ്രസാധകർ ഇസ്‌ലാമീ കുതുബു ഖാന, ഉർദു ബസാർ ലാഹോർ)*

ഹദ്റത്ത് ഉമർ(റ) ഇസ്‌ലാമിക സൈന്യത്തിന് സഹായമെത്തിക്കാൻ നാലായിരം സൈനികരെ അയക്കുകയുണ്ടായി. ആയിരംപേർക്ക് ഓരോ അമീറിനെയും ഹദ്റത്ത് ഉമർ(റ) നിയമിച്ചിരുന്നു. അമീർമാരുടെ പേരുകൾ ഇപ്രകാരമാണ്. ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം, ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദ്, ഹദ്റത്ത് ഉബാദ ബിൻ സാമിത്ത്, ഹദ്റത്ത് മസ്‌ലമ ബിൻ മുഖല്ലദ്. ഒരു നിവേദനത്തിൽ ഹദ്റത്ത് മസ്‌ലമ ബിൻ മുഖല്ലദിന് പകരം ഖാരിജ ബിൻ ഹുദാഫ എന്നും വന്നിട്ടുണ്ട്. ഈ പോഷക

സൈന്യം അയക്കുമ്പോൾ ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് അംറ് ബിൻ ആസിന് ഒരു കത്തും എഴുതുകയുണ്ടായി. അതിൽ ഇപ്രകാരം എഴുതി: 'ഇപ്പോൾ നിങ്ങളോടൊപ്പം 12000 മുജാഹിദീങ്ങളുണ്ട്. അതുകൊണ്ടു തന്നെ അംഗബലം കുറഞ്ഞതിന്റെ പേരിൽ നിങ്ങൾ പരാജയപ്പെടുകയില്ല. റോമൻ യോദ്ധാക്കളോടൊപ്പം മുസ്‌ലിമീങ്ങളെ നേരിടാൻ ഖിബ്ത്വികളും പോയിരുന്നു. ഇരു സൈന്യങ്ങളും തമ്മിൽ യുദ്ധം കൊടുമ്പിരി കൊണ്ടു. ഹദ്റത്ത് അംറ് ബിൻ ആസ് (റ) വളരെ യുക്തിപൂർവം തന്റെ സൈന്യത്തെ മൂന്നായി വിഭജിച്ചു. എന്നിട്ട് ഒരു വിഭാഗത്തെ അഹ്മർ പർവ്വതത്തിനടുത്ത് നിറുത്തി. രണ്ടാമത്തെ വിഭാഗത്തെ ഉംദുനയ്നടുത്ത് നൈൽ നദിയുടെ തീരത്തൊരിടത്ത് നിറുത്തി. ബാക്കിയുള്ള സൈനികരുമായി ശത്രുവുമായി പോരാടാൻ പുറപ്പെട്ടു. ഇരുസൈന്യവും തമ്മിൽ ഘോരയുദ്ധം നടക്കുന്ന സമയത്ത് അഹ്മർ പർവ്വതത്തിൽ മറഞ്ഞിരുന്ന സൈന്യം പിന്നിൽനിന്നു ആക്രമണം നടത്തി. അത് ശത്രുക്കളുടെ സൈനിക സംവിധാനത്തെ താറുമാറാക്കി. അവർ ഉംദുനയ്നിലേക്ക് ഓടിയൊളിച്ചു. അവിടെ ഇസ്‌ലാമിക സൈന്യത്തിന്റെ രണ്ടാമത്തെ വിഭാഗം അവരുടെ വഴിമുടക്കാൻ നിലകൊള്ളുന്നുണ്ടായിരുന്നു. അങ്ങനെ റോമൻ സൈന്യം മുസ്‌ലിമീങ്ങളുടെ മൂന്ന് സൈനിക വിഭാഗങ്ങളുടെയുമിടയിൽ കുരുങ്ങുകയും ദയനീയ പരാജയം ഏറ്റുവാങ്ങുകയും ചെയ്തു. *(സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, അലി മുഹമ്മദ് അസ്സ്വലാബീ, മുത്തർജിം ഉർദു,പേജ് 759, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)*

വിവിധ യുദ്ധ വിജയങ്ങളെകുറിച്ചുള്ള വിവരണത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ഉംദുനയ്ൻ വിജയത്തിനുശേഷം ഹദ്റത്ത് അംറ് ബിൻ ആസ്(റ) ആദ്യമായി യുദ്ധവിജയം നേടിയത് ഫയ്യൂം പ്രദേശത്തായിരുന്നു. ആ പ്രദേശത്തെ സൈന്യാധിപൻ ആ യുദ്ധത്തിൽ വധിക്കപ്പെട്ടു. *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം ഹബീബ് അശ്അർ, പേജ് 571-572, പ്രസാധകർ ഇസ്‌ലാമീ കുതുബുഖാന, ഉർദു ബസാർ ലാഹോർ) (അറ്റ്ലസ് ഫുതൂഹാത്തെ ഇസ്‌ലാമിയ്യ, വാല്യം 2, പേജ് 229, ദാറുസ്സലാം അർരിയാള് ഹിജ്റ 1428)*

തുടർന്ന് അയ്നുശംസിൽ വെച്ച് മുസ്‌ലിമീങ്ങൾ റോമക്കാരെ നേരിട്ടു. അതിനുമുമ്പേ എട്ടായിരം മുജാഹിദീങ്ങളുടെ ഒരു സൈന്യം ഹദ്റത്ത് അംറ് ബിൻ ആസിന്റെ അടുത്ത് ഹദ്റത്ത് ഉമർ(റ) അയച്ചിരുന്നു. അതിന്റെ പടനായകത്വം വഹിച്ചത് ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമായിരുന്നു. അതിൽ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്, ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദ്, മസ്‌ലമ ബിൻ മുഖല്ലദ് തുടങ്ങിയവരും ഉണ്ടായിരുന്നു. ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് വിജയം ലഭിച്ചു. അതിനുശേഷം ഫയ്യും പ്രവിശ്യ മുഴുവനായും മുസ്‌ലിമീങ്ങളുടെ അധീനതയിലായി. മുസ്‌ലിം സൈന്യത്തിന്റെ ഒരു ഭാഗം മനൂഫിയ പ്രവിശ്യയിലെ രണ്ട് പട്ടണങ്ങളായ ഇഥ്രീബിന്റേയും മനൂഫിന്റേയുംമേൽ വിജയം നേടി. *(ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം ഹബീബ് അശ്അർ, പേജ് 573-579, പ്രസാധകർ ഇസ്‌ലാമീ കുതുബു ഖാന, ഉർദു ബസാർ ലാഹോർ)*

ബാബിൽയൂൺകോട്ട അല്ലെങ്കിൽ ഫുസ്ത്വാത്‌കോട്ടയുടെ യുദ്ധ വിജയത്തെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. ഉംദുനയ്ൻ വിജയത്തിനുശേഷം ഹദ്റത്ത് അംറ് ബിൻ ആസ് (റ) ബാബിൽയൂണിലേക്ക് നീങ്ങി. അവിടെ ശക്തമായ ഉപരോധം തീർത്തു. ആ പ്രദേശത്തിന്റെ പേര് ഫുസ്ത്വാത് എന്നാണ്. ആ പേര് വന്നതിന്റെ കാരണം ഇപ്രകാരം വിവരിക്കപ്പെടുന്നു. അറബിയിൽ കൂടാരത്തിനാണ് ഫുസ്ത്വാത് എന്ന് പറയുന്നത്. ഹദ്റത്ത് അംറ് ബിൻ ആസ്(റ) കോട്ട കീഴടക്കിയശേഷം അവിടെ നിന്നു മടങ്ങിപോകാനുള്ള കല്പന നൽകിയപ്പോൾ യാദൃച്ഛികമായി അദ്ദേഹത്തിന്റെ കൂടാരത്തിൽ ഒരു പ്രാവ് കൂടുകൂട്ടിയിരുന്നു. അദ്ദേഹം അത് കണ്ടപ്പോൾ ആ കൂടാരം അഴിക്കേണ്ടതില്ലെന്ന് കല്പിച്ചു. ഹദ്റത്ത് അംറ് ബിൻ ആസ്(റ) അലക്സാൺട്രിയായിൽ നിന്നു തിരിച്ചുവന്ന് ആ കൂടാരത്തിനടുത്ത് ഒരു പട്ടണം അധിവസിപ്പിച്ചു. അതുകൊണ്ട് ആ പട്ടണം ഫുസ്ത്വാത് എന്ന പേരിൽ അറിയപ്പെട്ടു. *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 150-151, ദാറുൽഇശാഅത്ത് കറാച്ചി 2004)*

ആ കോട്ടക്കകത്തുണ്ടായിരുന്ന സുരക്ഷാ ഭടന്മാരുടെ എണ്ണം അയ്യായിരം മുതൽ ആറായിരംവരെയാണെന്ന് കണക്കാക്കപ്പെടുന്നു. അവർ എല്ലാരീതിയിലും സായുധരായിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്(റ) ബാബിൽ യൂൺകോട്ടയെ വളഞ്ഞുപരോധിച്ചു. അലക്സാൺട്രിയ കഴിഞ്ഞാൽ ഇത് ഏറ്റവും ശക്തമായ കോട്ടയായിരുന്നു. അത് ചുടുകട്ടകളാൽ നിർമിതമായിരുന്നു. അതുപോലെ നാലു ഭാഗവും നൈൽ നദിയുടെ വെള്ളത്താൽ വലയം ചെയ്യപ്പെട്ടതുമായിരുന്നു. നൈൽ നദീ തടത്തിൽ സ്ഥിതി ചെയ്തിരുന്നതിനാൽ കപ്പലുകളും വഞ്ചികളും കോട്ടവാതിലുകൾക്ക് സമീപം നങ്കൂരമിട്ടിരുന്നു. അതുകൊണ്ട് ഭരണകൂടാവശ്യങ്ങൾക്ക് വളരെ ഉചിതമായ സ്ഥലമായിരുന്നു. ഈ സുശക്തമായ കോട്ടയെ ആക്രമിക്കാൻ മാത്രം അവശ്യ സാധനങ്ങൾ അറബികളുടെ പക്കലുണ്ടായിരുന്നില്ല. അവർ അതിന് ഒട്ടും തയ്യാറുമായിരുന്നില്ല. *(സീറത്ത് ഉമർഫാറൂഖ്, മുഹമ്മദു രിളാ, പേജ് 264-265, മക്തബ ഇസ്‌ലാമിയ്യ 2010)*

ഹദ്റത്ത് അംറ് ബിൻ ആസ്(റ) ആദ്യം അതിനെ ഉപരോധിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തി. ഈജിപ്ത് ഭരണകൂടത്തിന്റെ സിൽബന്തിയായ മുഖൗഖസ് ഹദ്റത്ത് അംറ് ബിൻ ആസ്(റ)നു മുമ്പേതന്നെ കോട്ടയിൽ എത്തിയിരുന്നു. യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയായിരുന്നു. ഹദ്റത്ത് സുബയ്ർ (റ) കുതിരപ്പുറത്തേറി കിടങ്ങിനു നാലുവശവും ചുറ്റി നിരീക്ഷിക്കുകയും ആവശ്യമുള്ളിടങ്ങളിൽ വേണ്ട സൈന്യങ്ങളെയും കുതിരപ്പടയാളികളെയും വിന്യസിക്കുകയും ചെയ്തു. ഈ ഉപരോധം 7 മാസം തുടർന്നു വെങ്കിലും ജയപരാജയങ്ങൾ തീരുമാനിക്കപ്പെട്ടിരുന്നില്ല. *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 150, ദാറുൽഇശാഅത്ത് കറാച്ചി 2004)*

ആയിടക്ക് റോമൻ സൈന്യം വല്ലപ്പോഴും കോട്ടക്കു പുറത്തുവന്ന് യുദ്ധം ചെയ്യുകയും തിരിച്ചു പോവുകയും ചെയ്യുമായിരുന്നു. ആ സമയത്ത് ഹദ്റത്ത് അംറ് ബിൻ ആസ്(റ)ന്റെ അടുത്തേക്ക് സന്ധി സംഭാഷണത്തിനും ഭീഷണിപ്പെടുത്താനും വേണ്ടി മുഖൗഖസ് ഇടക്കിടെ തന്റെ പ്രതിനിധികളെ അയക്കുമായിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്(റ) ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിനെ അയച്ചു. സന്ധി ചെയ്യാനായി വെറും മൂന്നു നിബന്ധനകൾ മാത്രം വെച്ചു. ഒന്നുകിൽ ഇസ്‌ലാം സ്വീകരിക്കണം അല്ലെങ്കിൽ ജിസിയ നൽകണം അതുമല്ലെങ്കിൽ യുദ്ധം ചെയ്യണം. ഇവയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. രഞ്ജിപ്പിനുള്ള വേറെ മാർഗ്ഗങ്ങളൊന്നുമില്ല. മുഖൗഖസ് ജിസിയ നൽകാൻ തയ്യാറായി. അക്കാര്യത്തിന് സ്വയം ഹിർഖലിന്റെ അടുത്തുചെന്ന് അനുമതി തേടി എന്നാൽ, അയാൾ അത് നിഷേധിച്ചു. മാത്രവുമല്ല മുഖൗഖസിനോട് അയാൾക്ക് ഉഗ്രകോപം ഉണ്ടാവുകയും ശിക്ഷയെന്നോണം അയാളെ നാടു കടത്തുകയും ചെയ്തു. *(സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ, മുത്തർജിം ഉർദു തർജമ, പേജ് 760, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം ഹബീബ് അശ്അർ, പേജ് 582, 584, 590, പ്രസാധകർ ഇസ്‌ലാമീ കുതുബു ഖാന, ഉർദു ബസാർ ലാഹോർ)*

ബാബിൽയുൺകോട്ട വിജയം ഒരുപാട് നീണ്ടപ്പോൾ ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ) പറഞ്ഞു: 'ഞാൻ ഇനി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്റെ ജീവൻ ഉപഹാരമായി അർപ്പിക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു അതുമുഖേന മുസ്‌ലിമീങ്ങൾക്ക്

ശേഷം പേജ് 8 ൽ

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുളളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 6 ലക്കം 44 പേജ് 8-ൽനിന്ന് തുടർച്ച.....)

### മസ്ജിദ് മഹ്ദിയുടെ നിർമാണം- ഒരു ലഘു വിവരണം

സ്ട്രാസ്ബെർഗ് പട്ടണത്തിന് ഭൗതികമായും വളരെ പ്രാധാന്യമുണ്ട്. ഇവിടെ യൂറോപ്യൻ പാർ ലമെന്റ്, യൂറോപ്യൻ കൗൺസിൽ, യൂറോപ്പിലെ മനുഷ്യാവകാശ നീതിപീഠവും സ്ഥിതി ചെയ്യുന്നു. യൂറോപ്പിൽ ഈ പട്ടണത്തിന് അതിന്റേതായ സ്ഥാനമുണ്ട്. ഇവിടെ ഒരു മസ്ജിദ് ഉണ്ടാക്കാൻ ഹുദൂർ നിർദേശിച്ചു. രണ്ട് വർഷത്തിനുള്ളിൽ 2012-ൽ ഒരു സ്ഥലം വാങ്ങാൻ ജമാഅത്തിന് അവസരം ലഭിച്ചു. 2640 ചതുരശ്രമീറ്റർ വിസ്തീർണമുള്ള സ്ഥലമാണിത്. ഇതിൽ ഒരു കെട്ടിടവുമുണ്ടായിരുന്നു. 15 മുറികളുള്ള മൂന്ന് നില കെട്ടിടമാണിത്. ഇതിൽ ഒരു വലിയ ഹാളുമുണ്ട്. 4 ലക്ഷത്തി ഇരുപതിനായിരം യൂറോയാണ് ഇതിന്റെ വില. വാങ്ങിയതിനുശേഷം കൗൺസിലുമായി ബന്ധപ്പെട്ട രേഖകൾ പൂർത്തിയാക്കുന്നതിലും പ്ലാനിംഗ്, സ്കെച്ച്, അംഗീകാരം നേടുക എന്നീ പ്രവൃത്തികൾ നടന്നു. 2016 ജൂൺ 6-ന് കൗൺസിൽ മസ്ജിദ് നിർമിക്കാൻ അനുമതി നല്കി. തുടർന്ന് ഹുദൂറിന്റെ തിരുസമക്ഷത്തിലും ഇക്കാര്യങ്ങളെ കുറിച്ച് അറിയിപ്പ് നല്കി. അപ്പോൾ ഹുദൂർ പറഞ്ഞു: 'അല്ലാഹു മനോഹരമായൊരു മസ്ജിദ് നിർമിക്കാൻ നിങ്ങൾക്ക് അവസരം ഒരുക്കുമാറാകട്ടെ.'

ഇപ്പോൾ നിർമാണം പൂർത്തിയായിരിക്കുന്നത് പ്രസ്തുത മസ്ജിദാണ്. നിയമപരമായി ഇതിൽ 250 പേർക്ക് നമസ്കരിക്കാം. ജമാഅത്തിന്റെ ഓഫീസും ലജ്നാ ഓഫീസും ഒരു ലൈബ്രറിയും വിവിധോദ്ദേശ്യത്തിനുള്ള ഹാളും ഇതിലുണ്ട്. ഇതിൽ കൂടുതലായി 250 പേർക്ക് നമസ്കരിക്കാനും സാധിക്കും. 15 മുറികളുള്ള കെട്ടിടത്തിന്റെ കുറച്ചുഭാഗത്ത് അറ്റകുറ്റ പണികൾ പൂർത്തിയായിട്ടുണ്ട്.

മുറബ്ബി ഹൗസിൽ 4 മുറികളും ഒരു വാഷ്റൂമും ഒരു ബാത്ത് റൂമുമുണ്ട്. ഒരു റസിഡൻഷ്യൽ വിഭാഗവും ഈ കെട്ടിടത്തിലുണ്ട്. ഇതിൽ അഞ്ചു മുറികൾ, ഒരു ഓഫീസ്, ഒരു സെറ്റിംഗ് റൂം, കിച്ചൺ, ടോയിലെറ്റ്, ബാത്ത് റൂം എന്നിവയുമുണ്ട്. ഗ്രൗണ്ട് ഫ്ളോറിൽ 4 ബെഡ്റൂമുകളും ഒരു ഓഫീസും ബാത്ത് റൂമും ടോയിലെറ്റുമുണ്ട്.

മസ്ജിദിൽ 6 ബാത്തുറൂമുകളും വുളൂ ചെയ്യുന്ന സ്ഥലങ്ങളുമുണ്ട്. നാലു കോണുകളുള്ള ഒരു മിനാരം മസ്ജിദിന്റെ വലതു ഭാഗത്ത് നിർമിച്ചിരിക്കുന്നു. ഇതിന്റെ ഉയരം 8 മീറ്ററാണ്. ഇതിൽ ചെറിയ ഒരു ഗുംബദുമുണ്ട്. ഈ മസ്ജിദിന്റെ നിർമാണത്തിൽ ധാരാളം ശ്രമദാനങ്ങളും നടന്നിരുന്നു. ആർക്കിടെക് ഒരു മില്യൺ യൂറോയുടെ ചെലവ് കണക്കാക്കിയിരുന്നു. വഖാറെ അമൽ മുഖേന വലിയ തുക ലാഭിച്ചു. 5 ലക്ഷത്തി മുപ്പതിനായിരം യൂറോയിൽ നിർമാണ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞു.

മസ്ജിദ് സൈറ്റ് ഇരുഭാഗവും റോഡുകളുള്ളതും ചുറ്റു പ്രദേശം തുറന്നതും വയൽ പ്രദേശവുമാണ്. വിവിധ ഭാഗങ്ങളിൽനിന്നു നോക്കുന്നവർക്ക് ഈ മസ്ജിദ് ദൂരെ നിന്നു ദൃശ്യമാകുന്നു. ഇൻശാഅല്ലാഹ്, ഇത് ഈ പ്രദേശത്ത് സന്മാർഗത്തിന്റെ പ്രകാശിക്കുന്ന മിനാരമാകുമെന്ന് ഉറപ്പാണ്.

### 2019 ഒക്ടോബർ 10 വ്യാഴാഴ്ച

ഹുദൂർ അൻവർ രാവിലെ 06.30-ന് മസ്ജിദ് മഹ്ദിയിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരം കഴിഞ്ഞ് താമസ സ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ വ്യാപൃതനായി. 2.15-ന് ളുഹ്ർ -അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച വികാര പ്രകടനങ്ങളും

06.15-ന് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ തുടങ്ങി. ഇന്ന് വൈകുന്നേരം നടന്ന ഈ സെഷനിൽ 33 കുടുംബങ്ങളിൽ നിന്നുള്ള 120പേർ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. ഇവർ സ്ട്രാസ്ബെർഗ് ജമാഅത്തിൽനിന്നു വന്നവരാണ്. ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. ഹുദൂർ വാത്സല്യത്തോടെ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി. ഇവരിൽ ചില കുടുംബങ്ങളും അംഗങ്ങളും വളരെ കാലത്തിനു ശേഷമാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ച നടത്തിയ ഈ എല്ലാ സ്നേഹിതന്മാരും പ്രിയപ്പെട്ട ഹുദൂറിന്റെ സാമീപ്യവും ദർശനവുംകൊണ്ട് സായൂജ്യരായി.

❁ ഒരു സ്നേഹിതൻ പറഞ്ഞു: 10 വർഷത്തിനുശേഷമാണ് എനിക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചത്. ഹുദൂർ വളരെ വാത്സല്യത്തോടെ ഞങ്ങളുടെ കൈയിൽ പിടിക്കുകയും ഞങ്ങൾക്കുവേണ്ടി ദുആ ചെയ്യുകയും ഫോട്ടോ എടുക്കാൻ അവസരം നല്കുകയും ചെയ്തു. 10 വർഷത്തിനുശേഷം ഹൃദയം മെല്ലെമെല്ലെ ആശ്വാസംകൊണ്ടു. നീണ്ട കാലത്തിനുശേഷം ഞങ്ങൾക്ക് ഈ സൗഭാഗ്യം കൈവന്നിരിക്കുന്നു. പ്രിയപ്പെട്ട ഇമാമുമായുള്ള കൂടിക്കാഴ്ചാ നിമിഷങ്ങൾ ലഭിക്കുകയും ഹൃദയത്തിന് സമാധാനം കിട്ടുകയും ചെയ്തു.

❁ ഒരു സ്നേഹിതൻ പറഞ്ഞു:ഞങ്ങളുടെ കൂടിക്കാഴ്ച 11 വർഷത്തിനു ശേഷമാണ് ഹുദൂറുമായി നടക്കുന്നത്. ഇതിന്നുമുമ്പേ 2008-ലാണ് ഹുദൂറുമായി കൂടിക്കാഴ്ച നടന്നത്. അപ്പോൾ ഹുദൂർ ഫ്രാൻസിൽ വന്നിരുന്നു. ആദ്യം ഞങ്ങളുടെ കൂടിക്കാഴ്ച നടന്നിരുന്നില്ല. അത് ഞങ്ങളെ വളരെ സങ്കടത്തിലാക്കിയിരുന്നു. ഇവിടെ നടന്ന കൂടിക്കാഴ്ചയുടെ അനുഭവങ്ങൾ വിവരിക്കാൻ ഞങ്ങൾ അശക്തരാണ്.ഹുദൂറുമായുള്ള കൂടിക്കാഴ്ച വളരെ സന്തോഷം ഉളവാക്കുന്നതായിരുന്നു. ആളുകൾ ചിത്രശലഭങ്ങളെപോലെ വെളിച്ചത്തിനു ചുറ്റും ഒരുമിച്ചു കൂടിയിരിക്കുന്നു. പ്രിയപ്പെട്ട ഇമാമിനെ ഒരുനോക്കുകാണുക, ഹുദൂറിന്റെ സാമീപ്യം പ്രാപിക്കുക എന്നത് എല്ലാവരുടേയും ആഗ്രഹമാണ്. മറ്റുള്ളവർ ഈ അനുഗ്രഹത്തിൽനിന്നു വിദൂരത്താണ്. അല്ലാഹു അവരുടെ ഹൃദയത്തേയും ഖിലാഫത്തിന്റെ നിഴലിനതണലിൽകൊണ്ടു വരുമാറാകട്ടെ.

❁ ഒരു സ്നേഹിതൻ പറഞ്ഞു: ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചാ വികാരങ്ങൾ വിവരണാതീതമാണ്. 11 വർഷത്തിന്നുശേഷം പ്രിയപ്പെട്ട ഇമാം ഇവിടെ വന്നിരിക്കുന്നു. ഈ ദിനങ്ങളാണെങ്കിൽ ഒന്നും അറിയാതെ കടന്നു പോയി. നിഴലിച്ചുനിന്ന സ്നേഹവികാരം ഇപ്പോഴും ഞങ്ങൾക്ക് കുളിര് പകരുന്നു. പ്രിയപ്പെട്ട ഇമാമിന്റെ തിളക്കമയമായ മുഖകമലം ദർശിച്ചതോടെ മനസ്സിലുണ്ടായിരുന്ന എല്ലാ കാര്യങ്ങളും മറന്നുപോയ അവസ്ഥയാണ് ഉണ്ടായത്. കൂടിക്കാഴ്ച ചെയ്യുമ്പോഴെല്ലാം പുതിയ കൂടിക്കാഴ്ച എന്ന് തോന്നിയിരുന്നു.

❁ ഒരു സ്നേഹിതൻ പറഞ്ഞു: ഹുദൂറിനെ കാണുമ്പോൾ ദൈവത്തിന്റെ പ്രതിനിധി ഭൂമിയിൽ ചുറ്റിക്കറങ്ങുന്നുവെന്ന് പ്രതീതിയാണുണ്ടായത്. ഞങ്ങൾക്കു ലഭിച്ച സന്തോഷം വിവരണാതീതമാണ്. കുട്ടികൾക്ക് സ്നേഹം ലഭിച്ചു. ഞങ്ങൾക്ക് ഇനി ലോകത്ത് വേറെയെന്താണ് വേണ്ടത്? യഥാർഥത്തിൽ ഹുദൂറിന്റെ ഫ്രാൻസ് പര്യടനം അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഈ നാടിനുവേണ്ടി ധാരാളം അനുഗ്രഹങ്ങളും ശ്രേഷ്ഠതകളും കൊണ്ടു വന്നിരിക്കുന്നു. ഞാൻ മസ്ജിദ് കമ്മിറ്റിയിലും അംഗമാണ്. ഇക്കാര്യം ഞാൻ സൂചിപ്പിച്ചപ്പോൾ ഹുദൂർ പറഞ്ഞു: 'ഞാൻ നിങ്ങളുടെ പേര് സൂചിപ്പിച്ചിരുന്നു. നിങ്ങൾ നാസ്വിറല്ലേ? അതെ എന്ന് ഞാൻ പറഞ്ഞു. മസ്ജിദ് നിർമാണം നടക്കുമ്പോൾ നിങ്ങൾ ഖാദിമായിരുന്നുവെന്നും ഇപ്പോൾ നാസ്വിറായിരിക്കുന്നുവെന്നും പറഞ്ഞപ്പോൾ ഹുദൂർ പറഞ്ഞു: 'ഇനി മറ്റൊരു പള്ളി കൂടി നിർമിക്കുക.' അപ്പോൾ ഞാൻ പറഞ്ഞു: 'ഹുദൂർ പറഞ്ഞല്ലോ, ഇൻശാ അല്ലാഹ് മൂന്ന് വർഷത്തിനുള്ളിൽ മസ്ജിദ് നിർമിക്കും. ഭിത്തി നിർമാണം, തറക്കല്ലിടൽ, ശുചിമുറി, ടോയിലെറ്റ്, പെയ്ന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ എന്റെ ഉത്തരവാദിത്വത്തിലായിരുന്നു.

❁ ഒരു സ്നേഹിതൻ പറഞ്ഞു: ഹുദൂറുമായുള്ള ആദ്യ കൂടിക്കാഴ്ചയായിരുന്നു എനിക്കിത്. റബ്വയിൽ നിന്നു വന്നതാണെന്ന് ഹുദൂറിനോട് പറഞ്ഞപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. എന്റെ ഈ അവസ്ഥ വാക്കുകളിൽ വിവരിക്കുക അസാധ്യമാണ്. തുടർന്ന് ഹുദൂർ എന്റെ മൂത്ത മകന്റെ കൈയിൽ പിടിച്ച് സ്നേഹം പകർന്നു. കൂടിക്കാഴ്ച കഴിഞ്ഞ് പുറത്തേക്കു വന്നതും ഹുദൂറുമായുള്ള കൂടിക്കാഴ്ച നടന്നുവെന്ന് മുഴുലോകത്തോടും വിളിച്ചു പറയാൻ എന്റെ ഹൃദയം വെമ്പൽകൊണ്ടു. ഹുദൂറുമായുള്ള കൂടിക്കാഴ്ച എങ്ങനെ സാധ്യമാകുമെന്നുള്ള ഹൃദയാഭിലാഷത്തിലാണ് പാക്കിസ്താനിലെ അഹ്മദികൾ. പാക്കിസ്താനിലുള്ള സ്നേഹിതരോട് പറഞ്ഞപ്പോൾ തങ്ങൾക്കും ഹുദൂറിനെ വന്നു കാണാനുള്ള ഭാഗ്യം കരഗതമാകാനോ അല്ലെങ്കിൽ ഹുസൂർ പാക്കിസ്താനിൽ വരാനോ വേണ്ടി ദുആ ചെയ്യാൻ അവരെല്ലാവരും പറയുന്നുണ്ടായിരുന്നു.

കൂടിക്കാഴ്ചകളുടെ ഈ പരിപാടി 08.15 വരെ നീണ്ടുനിന്നു. അതിനുശേഷം മസ്ജിദ് മഹ്ദിയിൽ മഗ്രിബ്- ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

### 2019 ഒക്ടോബർ11, വെള്ളിയാഴ്ച

ഹുദൂർ രാവിലെ 06.30-ന് മസ്ജിദ് മഹ്ദിയിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് ഓഫീസ് സംബന്ധമായ പ്രവൃത്തികളിളിൽ വ്യാപൃതനായി. അനുഗ്രഹീത ജുമുഅ ദിവസമായ ഇന്ന് മസ്ജിദ് മഹ്ദിയുടെ ഉൽഘാടന ദിവസവും കൂടിയായിരുന്നു. രാവിലേ മുതൽതന്നെ ഫ്രാൻസിന്റെ വിവിധ സ്ഥലങ്ങളിൽനിന്നു അഹ്മദീ സഹോദരങ്ങൾ മസ്ജിദ് മഹ്ദിയിലെത്താൻ തുടങ്ങിയിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പിന്നിൽനിന്ന് ജുമുഅ നമസ്കരിക്കാനുള്ള സൗഭാഗ്യം ലഭിക്കാനും മസ്ജിദ് മഹ്ദിയുടെ ഉൽഘാടനത്തിനു സാക്ഷ്യം വഹിക്കാനും ഓരോ വ്യക്തിയും വെമ്പൽ കൊള്ളുന്നുണ്ടായിരുന്നു.

### മസ്ജിദ് മഹ്ദിയുടെ ഉൽഘാടനം

ജർമനി, സ്വിറ്റ്സർലൻഡ്(Switzerland), ബെൽജിയം, പോർച്ചുഗൽ, യൂ.കെ, ട്യുണീഷ്യ, മൊറോക്കോ, അൾജീരിയ, ഘാന, സെനിഗൾ, മൌറീഷ്യസ്, മാലി, ഖൊമോറോസ് ദ്വീപ്, തുർക്കി, ഗിനി-ബിസോ(GuineaBissau), വിയറ്റ്നാം, എന്നീ രാജ്യങ്ങളിൽനിന്നുള്ളവർ ജുമുഅ നമസ്കാരത്തിന് മസ്ജിദ് മഹ്ദിയിൽ ഹാജരായിരുന്നു. 02.00 മണിക്ക് ഹുദൂർ മസ്ജിദിന്റെ പുറം ഭിത്തിയിൽ സ്ഥാപിച്ചിരുന്ന ഫലകം അനാച്ഛാദനം ചെയ്തു. തുടർന്ന് മസ്ജിദിലെത്തിയ ഹുദൂർ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അസ്വ്ർ നമസ്കാരവും ഒപ്പം നമസ്കരിച്ചു.

### പത്രസമ്മേളനം

4 മണിക്ക് ഓഫീസിലെത്തിയ ഹുദൂർ പത്രസമ്മേളനത്തിൽ പങ്കെടുത്തു. ഇവിടുത്തെ ലോക്കൽ പത്രമായ ഉചഅ ഈ സംസ്ഥാനത്തെ ഏറ്റവും വലിയ പത്രമാണ്. ഒന്നരലക്ഷം പ്രതികളാണ് ദിനേന പ്രസിദ്ധീകരിക്കുന്നത്. ഈ പത്രത്തിന്റെ പ്രതിനിധി ഇവിടെ സന്നിഹിതയായിരുന്നു. പ്രാദേശിക റേഡിയോ Frannce Blue ന്റെ പ്രതിനിധിയും എത്തിയിരുന്നു. പ്രാദേശിക തലത്തിലുള്ള എല്ലാ വിവരങ്ങളും ഇവർ സംപ്രേഷണം ചെയ്യുന്നു. ഇതിന് ധാരാളം ശ്രോതാക്കളുമുണ്ട്.

❁ ഫ്രാൻസ് ബ്ലൂ(Frannce Blue) റേഡിയോ പ്രതിനിധി: ഇത്രയധികം ആളുകൾ അധികമില്ലാത്ത ഈ സ്ഥലത്ത് മസ്ജിദ് നിർമിക്കാനുള്ള തീരുമാനം എടുക്കാൻ കാരണമെന്താണ്?

ഹുദൂർ: ജമാഅത്തംഗങ്ങൾ വിവിധ സ്ഥലങ്ങൾ അന്വേഷിച്ചു വന്നിരുന്നു. എന്നിട്ടും വിജയിച്ചില്ല. അതുകൊണ്ടാണ് ഇവിടെ വെളിമ്പ്രദേശത്ത് വന്നതും ഈ സ്ഥലം വാങ്ങിയതും. ഇതിന്റെ ഒരു കാരണം നമ്മുടെ സാമ്പത്തിക ശേഷി വളരെ പരിമിതമാണ്. ഞങ്ങൾ ഏതെങ്കിലും എണ്ണ സമ്പന്നമായ രാജ്യത്തിന്റെ സഹായത്തോടെയല്ല പ്രൊജക്ടുകൾ ഉണ്ടാക്കുന്നത്. സ്വന്തം അംഗങ്ങളുടെ സഹായത്തോടെയാണ് മസ്ജിദുകൾ നിർമിക്കുന്നത്. അതുകൊണ്ട് ഞങ്ങളുടെ കഴിവിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഈ നല്ല സ്ഥലം ഞങ്ങൾ വാങ്ങിയതാണ്.

മറ്റൊരു കാരണം ഇക്കാലഘട്ടത്തിൽ ജനങ്ങളുടെ പക്കൽ സാമ്പത്തിക ശേഷിയുണ്ട്. ട്രാൻസ്പോർട്ടിനുള്ള സംവിധാനമുണ്ട്. കാറുകളുണ്ട്. ഇതുവഴി ബസ്സുകളും കടന്നു പോകുന്നതായി ഞാൻ കണ്ടു. അതുകൊണ്ട് സുഖ

പ്രദമായി ആളുകൾക്ക് ഇവിടെ വരാൻ കഴിയും. എന്നാൽ ഞങ്ങൾ ലണ്ടൻ മസ്ജിദ് നിർമിച്ചപ്പോൾ അതു തികച്ചും വനത്തിനുള്ളിലായിരുന്നു. ലണ്ടനിൽ നിന്നു തികച്ചും വെളിയിലായിരുന്നു. എട്ടോ പത്തോ മൈൽ ദൂരത്തായിരുന്നു. ആ സമയത്തെ ഇമാം ഈ പ്രദേശം വളരെ ദൂരത്താണെന്നും ആളുകൾക്ക് ഇവിടെ വരാൻ കഴിയില്ലെന്നും എഴുതിയിരുന്നു. ആ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് രണ്ടാമൻ(റ) ലണ്ടൻ അവിടെ എത്തിച്ചേരുമെന്ന് പറഞ്ഞിരുന്നു. അതുകൊണ്ട് സ്ട്രാസ്ബെർഗ് ഇവിടെ എത്തിച്ചേരുമെന്ന് ഞങ്ങൾക്ക് പ്രതിക്ഷയുണ്ട്. ഇത് 1924 ലെ കാര്യമാണ്. അക്കാലത്ത് സാമ്പത്തിക ശേഷിയുമുണ്ടായിരുന്നില്ല. ലണ്ടനിലാകട്ടെ അഹ്മദികളും വളരെ കുറവായിരുന്നു. ഇവിടെയാകട്ടെ നൂറു കണക്കിന് അഹ്മദികളുണ്ട്. സാമ്പത്തിക ശേഷിയുമുണ്ട്. അതുകൊണ്ട് ഞങ്ങൾ വളരെ നല്ല പ്രതീക്ഷവെച്ച് പുലർത്തേണ്ടതുണ്ട്. മസ്ജിദ് നിർമിച്ച സ്ഥലം ഇന്ന് ലണ്ടൻ പട്ടണത്തിന്റെ ഭാഗമാണ്.

✿ റേഡിയോ പ്രതിനിധി: ചുറ്റുവട്ടത്തു താമസിക്കുന്ന അയൽവാസികളോടുള്ള നിങ്ങളുടെ സമീപനമെന്താണ്?

ഹുദൂർ: അയൽ വാസികളെ കുറിച്ചുള്ള ഞങ്ങളുടെ അധ്യാപനം വളരെ വ്യക്തമാണ്. ഇവിടുത്തെ അഹ്മദി ഈ രീതിതന്നെ അലംബിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. ഇസ്ലാമികാധ്യാപനത്തിൽ അയൽ വാസിയോടുള്ള കടമകൾ വളരെ അധികമാണ്. അല്ലാഹു അയൽവാസികളുടെ അവകാശത്തെ കുറിച്ച് എത്രമാത്രം ഊന്നിപ്പറഞ്ഞുവെന്നാൽ, നബി(സ)തിരുമേനി പറഞ്ഞത് ഒരുപക്ഷെ അനന്തരാവകാശസ്വത്തിലും ഭാഗഭാക്കാകുമെന്ന് തോന്നിപ്പോയെന്നാണ്.

✿ ജേർണലിസ്റ്റ്: ചുറ്റുവട്ടത്തുള്ള ഇതര മസ്ജിദുകളുമായി ചർച്ചകൾ നടത്തുന്നത് ശരിയാണോ?

ഹുദൂർ: എല്ലാ ഓരോരുത്തരുമായും നല്ല ബന്ധം വെക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങൾ മുസ്ലിമീങ്ങൾക്കും ക്രൈസ്തവർക്കും ഞങ്ങളോടൊപ്പമിരുന്ന് സംസാരിക്കാൻ തുറന്ന നിലയിൽ ക്ഷണം നല്കാറുണ്ട്. ഞങ്ങളുടെ മസ്ജിദിൽ വരാനും പരസ്പരം ചർച്ച നടത്താനും ഇന്റർ ഫൈത്ത് പ്രോഗ്രാമുകൾ സംഘടിപ്പിക്കാനും ക്ഷണം നല്കുന്നുണ്ട്. ഞങ്ങളുടെ ഭാഗത്തു നിന്ന് ഒരു തടസ്സവുമില്ല.എന്നാൽ മറ്റു ചില പണ്ഡിതന്മാരും മൗലവിമാരും വളരെ ഇടുങ്ങിയ മനസ്ഥിതിക്കാരുമുണ്ട്. ചിലയവസരങ്ങളിൽ അവർ ഇപ്രകാരം പ്രവർത്തിക്കുകയില്ല. ചിലർ മാന്യന്മാരുമുണ്ട്. പാരീസിലെ മുസ്ലിം കൗൺസിലിന്റെ ഡെപ്യൂട്ടി തലവൻ കാണാൻ വന്നിരുന്നു. എല്ലാ ഓരോരുത്തർക്കുവേണ്ടിയും ഞങ്ങൾ വാതിലുകൾ തുറന്നു വെക്കുന്നു.

✿ **DNA** പത്രത്തിന്റെ വനിത ജേർണലിസ്റ്റ്: ഇന്റിഗ്രേഷനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെ ന്താണ്? നമ്മുടെ അറിവിൽ രണ്ടു തരത്തിലുള്ള മസ്ജിദുകളുണ്ട്. ഒന്ന് ആരാധനക്കു വേണ്ടിയും മറ്റൊന്ന് സംസ്കാരപരമായ കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന് ലക്ഷ്യത്തോടെയുള്ളതും. നിങ്ങൾ ഏതു തരത്തിലുള്ള പ്രവർത്തനമാണ് ചെയ്യുക.

ഹുദൂർ: മസ്ജിദിന്റെ പ്രധാന ഹാൾ ആരാധനക്കുവേണ്ടി മാത്രമുള്ളതാണ്. അതുകൊണ്ട് ഞങ്ങൾ ഒരു വിവിധോദ്ദേശ്യ ഹാളും ഒപ്പം പണികഴിപ്പിക്കുന്നു. മസ്ജിദിൽവച്ച് നടത്തപ്പെടാൻ സാധിക്കാത്ത മറ്റു ചില പരിപാടികളുമുണ്ട്. ഉദാഹരണമായി ഭക്ഷണം നല്കൽ. ഇത് മസ്ജിദിന്റെ ഹാളിൽ സാധ്യമല്ല. സ്ജിദിന് ഒരു പരിശുദ്ധിയുണ്ട്. അത് മുന്നിൽ വെക്കേണ്ടതുണ്ട്. സ്ജിദിന്റെ ലക്ഷ്യം അല്ലാഹു വ്യക്തമാക്കുന്നത് ആരാധനയാണെന്നാണ്. ഏതു മതവുമായി ബന്ധമുള്ളവരാണെങ്കിലും ശരി ഏക ദൈവത്തെ ആരാധിക്കലാണ് പ്രധാനം. നജ്റാനിൽനിന്നു വന്ന ക്രൈസ്തവർക്ക് മസ്ജിദ് നബ്വിയിൽ ആരാധന നിർവഹിക്കാനുള്ള സൗകര്യം നബി(സ)തിരുമേനി നല്കിയിരുന്നു. ഏകദൈവാരാധനക്കുവേണ്ടി ഞങ്ങളുടെ മസ്ജിദുകൾ ഏവർക്കു വേണ്ടിയും തുറന്നു കിടക്കും. ആഗ്രഹിക്കുന്ന ആർക്കും വരാവുന്നതാണ്.

✿ ജേർണലിസ്റ്റ്: ഈ പ്രദേശത്ത് നിങ്ങളുടെ ജമാഅത്ത് എത്ര വലുതാണ്?

ഹുദൂർ: ഫ്രാൻസിൽ അഹ്മദികളുടെ എണ്ണം വളരെ കുറവാണ്. ഇത് പരിഗണിക്കുമ്പോൾ ഇവിടെ ഒരു പരിഗണനാർഹമായ ഒരു സമൂഹം ഉണ്ട്.

ജേർണലിസ്റ്റ്: ഈ സ്ഥലത്ത് വേറെ മസ്ജിദുകളും നിർമിക്കാൻ പദ്ധതിയുണ്ടോ?

ഹുദൂർ: നമ്മുടെ പ്രൊജക്റ്റുകൾ അഹ്മദികളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടാണ് രൂപപ്പെടുത്തി യിട്ടുള്ളത്. ഇപ്പോൾ അഹ്മദികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈ മസ്ജിദ് മതിയാകുന്നതാണ്. എന്നാൽ ഇന്നുതന്നെ ഞാൻ മറ്റൊരു മസ്ജിദ് നിർമിക്കാന് നിർദ്ദേശിച്ചിരിക്കുകയാണ്. എവിടെയാണ് അവശ്യമെന്നും അംഗങ്ങൾ കൂടുതലെന്നും നോക്കി ആ പ്രദേശത്തിനും ഒരു സെന്റർ ലഭ്യമാകും. ഒരുമിച്ചു കൂടി നമസ്കരിക്കാനും ഇതര പ്രോഗ്രാമുകൾ നടത്താനും കഴിയുമാറാകട്ടെ. ജമാഅത്തംഗങ്ങളുടെ എണ്ണം കൂടുതൽ ഏതു സ്ഥലത്താണോ അവിടെ മസ്ജിദ് നിർമിക്കും. അത് ഇവിടെയാണെങ്കിലും മറ്റേതെങ്കിലും സംസ്ഥാനത്തായാലും ശരി.

✿ പത്രപ്രവർത്തക:ഇതിന്റെയർഥം ഈ പ്രദേശത്ത് കൂടുതൽ അഹ്മദികളുണ്ടെന്നാണ്.

ഹുദൂർ: അതെ, കൂടുതൽ അഹ്മദികളുണ്ട്. അവർ ആത്മാർഥരാണ്. മസ്ജിദ് ഉണ്ടാക്കണമെന്ന് ആഗ്രഹിച്ചിരുന്നു. കാരണം ഇത് പാരീസിൽനിന്നു വളരെ ദൂരത്താണ്. അതുകൊണ്ട്, സെന്റർ എന്ന നിലയിൽ ഇവിടെ മസ്ജിദ് വേണ്ടിയിരുന്നു. യഥാർഥ ഇസ്ലാം എന്താണെന്ന് ഈ പ്രദേശത്തുകാരും അറിയേണ്ടതുണ്ട്. ഏക ദൈവത്തെ ആരാധിച്ചുകൊണ്ട് അവന്റെ സൃഷ്ടികളുടെ അവകാശങ്ങൾ നിർവഹിക്കുന്നവരാണെന്ന് തിരിച്ചറിയേണ്ടതുണ്ട്.

ജേർണലിസ്റ്റ്:ഇതിന്നു മുമ്പേ നിങ്ങൾ എവിടെയാണ് നമസ്കരിച്ചിരുന്നത്?

ഹുദൂർ: ഇതിനു മുമ്പേ ഒരു വീട് സെന്ററായി ഉപയോഗിച്ചിരുന്നു.അവിടെയാണ് നമസ്കരിച്ചിരുന്നത്.

ജേർണലിസ്റ്റ്: ഇവിടെ കേവലം സ്ട്രാസ്ബെർഗിൽനിന്ന് മാത്രമുള്ളവരാണോ അതോ ഇതര ഗ്രാമങ്ങളിൽനിന്നുള്ളവരും വരുമോ?

ഹുദൂർ: അടുത്തുള്ളവർ സ്ട്രാസ്ബെർഗിൽ നിന്നുള്ളവരാണ്. എന്നാൽ അടുത്തുള്ളവർക്കും മറ്റു ഗ്രാമങ്ങളിൽ നിന്നുള്ളവർക്കും ഇവിടെ വരാവുന്നതാണ്.ഇവിടേക്ക് എത്തിപ്പെടാൻ കഴിയുന്ന സ്ഥലംവരെ ഇതിന്റെ ക്യാച്ച്മെന്റ് ഏരിയയാണ്.

ലണ്ടനിൽ മുസ്ലിമീങ്ങളുടെ എണ്ണം കൂടുതലാണ്. അവിടെ നമ്മുടെ പട്ടണത്തിനുള്ളിൽതന്നെ വേറെയും മസ്ജിദുണ്ട്. നമ്മുടെ മസ്ജിദുകളുടെ അടുത്ത് താമസിക്കുന്നവരായ ഇതര മുസ്ലിമീങ്ങളും നമസ്കരിക്കാനോ ജുമുഅ നമസ്കരിക്കാനോ വരാറുണ്ട്.

✿ ജേർണലിസ്റ്റ്: അഹ്മദിയത്തിന്റെ തത്ത്വജ്ഞാനമെന്താണ്?

ഹുദൂർ: മുഹമ്മദ്(സ) കൊണ്ടുവന്ന ഇസ്ലാംമതത്തിൽ നമുക്ക് ദൃഢ വിശ്വാസമുണ്ട്. എല്ലാ ശക്തികളുടേയും ഉടമസ്ഥൻ ഏക ദൈവം ആണെന്നതാണ് ഈ മതത്തിന്റെ ചുരുക്കം. കൂടാതെ നബി(സ)തിരുമേനിയെ അവസാനത്തെ ന്യായപ്രമാണവാഹിയായ നബിയെന്ന് മനസ്സിലാക്കുകയും അദ്ദേഹത്തിനുശേഷം ന്യായപ്രമാണവാഹിയായ ഒരു നബിയും വരികയില്ലെന്നും വിശുദ്ധ ഖുർആൻ അവസാനത്തെ ന്യായപ്രമാണ ഗ്രന്ഥമാണെന്നും അതിൽ നല്കപ്പെട്ടിരിക്കുന്ന കല്പനകളായ അല്ലാഹുവിനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും നിർവഹിക്കേണ്ടതാണെന്നും ദൃഢമായും ഞങ്ങൾ വിശ്വസിക്കുന്നു.

എല്ലാ ജനതയിലേക്കും അല്ലാഹു നബിയെ അയച്ചിരിക്കുന്നുവെന്നും ഇവരിൽ ഓരോ നബിയേയും വിശ്വസിക്കുന്ന കാര്യത്തിലും ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു.എല്ലാ ജനതയിലും നബിയെ അയച്ചിട്ടുള്ളതായി അല്ലാഹു വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ നബിയിലും ഇവർക്ക് ദൈവം ചില ന്യായപ്രമാണങ്ങൾ ഇറക്കിയിരിക്കുന്നുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇന്ന് അവ യഥാർഥ രൂപത്തിൽ നിലനില്ക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഗ്രന്ഥങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു.

മരിച്ചതിനുശേഷം ചോദ്യം ചെയ്യൽ നടക്കുന്ന മറ്റൊരു ലോകം ആരംഭം കുറിക്കുന്നുവെന്നും ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. സൽകർമം ചെയ്യുന്നവർക്ക് അല്ലാഹു പ്രതിഫലം നല്കുന്നു. തിന്മ ചെയ്യുന്നവർക്ക് അതിന്റെ ശിക്ഷ നല്കുന്നു. ശിക്ഷ ലഭിക്കുന്ന എല്ലാവർക്കും അല്ലാഹു മാപ്പ് ചെയ്തു കൊടുക്കുമെന്നും സ്വർഗത്തിൽ എല്ലാവരും ഒരുമിച്ചു കൂട്ടപ്പെടുമെന്ന ഒരു നാൾ വരുമെന്നും ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു.

✿ ജേർണലിസ്റ്റ്: എനിക്ക് രണ്ട് ചോദ്യങ്ങൾ കൂടി ചോദിക്കാൻ സാധിക്കുമോ?

ഹുദൂർ: ചോദിച്ചുകൊള്ളുക.

✿ ജേർണലിസ്റ്റ്: ഇതര രാജ്യങ്ങളിൽ നിങ്ങൾക്കെതിരെ നടക്കുന്ന അക്രമപ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ തിരിക്കാനാണോ നിങ്ങൾ യൂറോപ്പിൽ ആകമാനം മസ്ജിദ് നിർമിക്കുന്നത്?

ഹുദൂർ: മസ്ജിദുകൾ കേവലം പ്രദർശനത്തിനു വേണ്ടിയല്ല ഞങ്ങൾ നിർമിക്കുന്നത്. ഞങ്ങളുടെ ജമാഅത്തിലെ ആളുകളുള്ള സ്ഥലങ്ങളിലാണ് ഞങ്ങൾ മസിജിദ് നിർമിക്കുന്നത്. കാരണം, ആരാധന നിർവഹിക്കാൻ ഒരു സ്ഥലം അനിവാര്യമാണ്. തന്മൂലം ഒരു സ്ഥലത്ത് ഒരുമിച്ചു കൂടാനും ഒപ്പം മറ്റു പ്രോഗ്രാമുകൾ നടത്താനും സാധിക്കും. ഇതോടൊപ്പം മസ്ജിദ് നിർമിക്കുമ്പോൾ ജനങ്ങൾക്ക് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ മനസ്സിലാക്കാനും സാധിക്കും. ശേഷിക്കുന്ന കാര്യം പ്രോസിക്യൂഷനാണ്. അതിന്ന് ഇതുമായൊന്നും ഒരു ബന്ധവുമില്ല. എത്രമാത്രം ഞെരുക്കപ്പെടുന്നോ അതേ അളവിൽതന്നെ അല്ലാഹു നമ്മുടെ മേൽ അവന്റെ അനുഗ്രഹം ചൊരിയുമെന്നുമുള്ള ദൃഢവിശ്വാസമുണ്ട്. ഒരു മസ്ജിദ് നഷ്ടപ്പെട്ടാൽ അല്ലാഹു ഞങ്ങൾക്ക് 10 മസ്ജിദ് നല്കുമെന്ന ദൃഢവിശ്വാസമുണ്ട്.

ആരാധന എന്ന കടമ നിർവഹിക്കാതെ അവന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കാതെ മസ്ജിദ് നിർമിക്കുന്നതിൽ ഒരു ഫലവുമില്ലെന്ന് ഇന്നും ഞാൻ പറഞ്ഞിരുന്നു. പ്രദർശനം ഒരു ലക്ഷ്യമേയല്ല. മറിച്ച് അതിനെ ജനനിബിഢമാക്കി അല്ലാഹുവിന്റെ ആരാധന നടത്തപ്പെടണം. പദ്ധതികളും പ്ലാനുകളും സംഘടിപ്പിച്ചുകൊണ്ട് അവന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കുക.

ആഫ്രിക്കയിൽ ഞങ്ങൾ നൂറുകണക്കിന് മസ്ജിദുകൾ നിർമിക്കുന്നുണ്ട്. ഒപ്പംതന്നെ സാമൂഹ്യസേവനങ്ങളും ധാരാളമായി നിർവഹിച്ചു വരുന്നു; കുടിവെള്ള സംവിധാനവും വൈദ്യുതിയുടെ സൗകര്യവും ഒരുക്കുക, വിദ്യാഭ്യാസം നല്കുക, ആരോഗ്യ പരിപാലനം നടത്തുക എന്നിങ്ങനെ! നമ്മുടെ ഈ പ്രവൃത്തികളെല്ലാം നടന്നു കൊണ്ടിരിക്കുന്നു. ഇത് അഹ്മദികള്ക്ക് മാത്രമല്ല, 80 ശതമാനത്തിലുമ ധികവും അനഹ്മദികള്ക്ക് ഫലം എത്തിക്കുന്ന പ്രൊജക്റ്റുകളാണിവ. എന്നാൽ, അഹ്മദികളുടെ എണ്ണം കൂടുതലായതുകൊണ്ട് കൂടുതൽ മസ്ജിദുകളും നിർമിച്ചു വരുന്നു.

✿ ജേർണലിസ്റ്റ്:വിവിധോദ്ദേശ്യങ്ങൾക്കായുള്ള ഹാളിനെ കുറിച്ച് താങ്കൾ സൂചിപ്പിച്ചു. ഇതിൽ ഇതര സമൂഹത്തിന്റേയും പരിപാടികൾ നടത്തുക സാധ്യമാണോ?

ഹുദൂർ: ഇതര സമൂഹത്തിന്റേയും പരിപാടികൾ ഉണ്ടാകാറുണ്ട്. വിദ്യാഭ്യാസ പ്രോഗ്രാമും ഇതര പരിപാടികളും നടക്കാറുണ്ട്. ഇൻഡോർ ഗെയിംസുകളുടെ സൗകര്യവും ചെയ്യാറുണ്ട്. ചുറ്റുവട്ടത്തുള്ള മറ്റ് വ്യക്തികളും വരുന്നു, കളിക്കുന്നു.പലസ്ഥലങ്ങളിലും ഇത് നടക്കുന്നു. ഇവിടേയും അങ്ങനെയുണ്ടാകും. ഉപയോഗിക്കാവുന്നതാണ്.

യൂ.കെ യിൽ ചില ചാരിറ്റികളും ചില രാഷ്ട്രീയക്കാരും വന്ന് പരിപാടികൾ നടത്താറുണ്ട്.

✿ ജേർണലിസ്റ്റ്: അവസാനമായി ഒരു ചോദ്യം കൂടി അനുവദിക്കുമോ?

ഹുദൂർ: (പുഞ്ചിരിച്ചു കൊണ്ട്) 'ചോദിച്ചോളൂ. ഒടുവിലത്തേത്.'

✿ ജേർണലിസ്റ്റ്: ഈയടുത്ത് ഫ്രാൻസിൽ പോലീസുകാരൻ കത്തി കുത്തേറ്റ് കൊല്ലപ്പെട്ടു. താങ്കളുടെ പ്രതികരണം അറിയാൻ ആഗ്രഹിക്കുന്നു.

ഹുദൂർ: ഒന്നാമത്തെ കാര്യം കുത്തിയ ആൾ ഒരു മുസ്ലിം ആയിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം ഡിപ്പാർട്ടുമെന്റിലെ ആളായിരുന്നു കൊലയാളി. മുസ്ലിം ആയിട്ട് ഒരു വർഷമേ ആയിരുന്നുള്ളൂ. അതും വിവാഹകാരണത്താലാണ് മുസ്ലിം ആയത്. അയാൾ ചെയ്തത് എന്തായാലും തെറ്റാണ്. പോലീസുകാരെ കൊലപ്പെടുത്തിയാലും ഏതൊരു പൗരനെ കൊലപ്പെടുത്തിയാലും തെറ്റാണ്. നിയമം സ്വന്തം കൈയിലെടുക്കുന്നതിനെ ഇസ്ലാം കഠിനമായി നിരാകരിക്കുന്നു. ഇത്തരത്തിലുള്ള മൃഗീയതക്ക് ഇസ്ലാം എതിരാണ്. ഇപ്രകാരം ഉണ്ടാകാൻ പാടില്ലാത്തതാണ്. നമ്മുടെ സഹതാപം അദ്ദേഹത്തോടൊപ്പമാണ്. അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പമാണ്. ബാധിതരായ പ്രസ്തുത കുടുംബക്കാരോടു ഞങ്ങൾ സഹതാപം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

ഒരു കാരണവുമില്ലാതെ നിയമം കൈയിലെടുത്ത് ആരെയെങ്കിലും കൊല ചെയ്യുന്നത് സമസ്ത മനുഷ്യരേയും കൊലപ്പെടുത്തുന്നതിന് സമമാണെന്ന് വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടുകിടക്കുന്നു.

ഈ പ്രസ് കോൺഫ്രൻസ് 20 മിനിറ്റുവരെ നീണ്ടു നിന്നു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**കുടുംബപരമായ കൂടിക്കാഴ്ചകൾ**

ശേഷം 06.45-ന് ഹുദൂർ ഓഫീസിലെത്തി. കുടുംബ കൂടിക്കാഴ്ചാ പ്രോഗ്രാം ആരംഭിച്ചു. ഇന്ന് വൈകുന്നേരം നടന്ന ഈ സെഷനിൽ 28 കുടുംബങ്ങളിൽനിന്നുമുള്ള 97 അംഗങ്ങളും 10 പേർ വ്യക്തിപരമായും പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം നേടി. സ്ട്രാസ്ബെർഗ് ജമാഅത്തിനെ കൂടാതെ പാരീസ്, **Epernay, Yvelines, lyon Saint Denis, Lille** എന്നീ ജമാഅത്തുകളിൽ നിന്നുള്ളവരായിരുന്നു ഈ കൂടിക്കാഴ്ചയിലെ ഭാഗ്യശാലികൾ. ജർമനിയിൽനിന്നു വന്ന ഒരു കുടുംബത്തിനും കൂടിക്കാഴ്ചക്ക് അവസരം ലഭിച്ചു. **Epernay** ജമാഅത്തിൽ നിന്നു വന്നവർ 355 കുലോമീറ്ററും പാരീസിൽ നിന്നുമുള്ളവർ 490 കിലോമീറ്ററും ലിയോണിൽ നിന്നുമുള്ളവർ 495 ഉം ലില്ലെയിൽ നിന്നുമുള്ളവർ 525 കിലോമീറ്ററും യാത്ര ചെയ്താണ് എത്തിയത്.

ഇവർക്കെല്ലാവർക്കും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനോടൊപ്പം ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് വാത്സല്യപൂർവം പേന നല്കിയ ഹുദൂർ ചെറിയ കുരുന്നുകൾക്ക് ചോക്ലേറ്റും നല്കി. 08.20 വരെ ഈ പരിപാടി നീണ്ടു നിന്നു. ശേഷം മസ്ജിദ് മുബാറക്കിൽ മഗ്‌രിബ്-ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

**2019 ഒക്ടോബർ 12 ശനിയാഴ്ച**

രാവിലെ 06.30-ന് മസ്ജിദ് മഹ്ദിയിൽ സ്വുബ്ഹി ഹുദൂർ നമസ്കരിപ്പിച്ചു. പിന്നീട് ഓഫീസുസംബന്ധമായ പ്രവൃത്തിയിൽ വ്യാപൃതനായി. ഉച്ചയ്ക്ക് 01.45-ന് ഓഫീസിലെത്തി. അഡീഷണൽ വക്കീലുൽമാൽ ലണ്ടൻ മുബാറക്ക് അഹ്മദ് സാഹിബ് സഫ്ർ സാഹിബ് ഹുദൂറുമായി ഓഫീസ് സംബന്ധമായ കൂടിക്കാഴ്ച നടത്തി.

ഹുദൂർ 02.05-ന് മസ്ജിദ് മഹ്ദിയിൽ ള്വുഹ്ർ-അസ്വ്ർ ജംആക്കി നമസ്കരിപ്പിച്ചു.

**മസ്ജിദ് മഹ്ദി, ഉൽഘാടന പരിപാടി.**

മസ്ജിദ് മഹ്ദിയോട് ചേർന്നുള്ള ഹാളിൽ ഉൽഘാടന പരിപാടിയോടു അനുബന്ധിച്ചുള്ള സംവിധാനം ഒരുക്കപ്പെട്ടിരുന്നു. ഈ പരിപാടിയിൽ പങ്കെടുക്കാൻ 191 അതിഥികൾ പ്രതീക്ഷിച്ചതിലും കൂടുതലെത്തിയിരുന്നു. ഇതിൽ പങ്കെടുത്ത പ്രധാന അതിഥികൾ താഴെ പറയുന്നവരാണ്.

നാഷണൽ പാർലമെന്റംഗം **Ms.Martine Wonner**

ഹർട്ടിഹെയിം**(Hurtigheim)** മേയർ **Mr.Jean Jacques**

ഹർട്ടിഹെയിം**(Hurtigheim)** ഡെപ്യൂട്ടി മേയർ **Mr.Rene Urban**

ഹർട്ടിഹെയിം**(Hurtigheim)** ഡെപ്യൂട്ടി മേയർ **Mr.Claude Grimm**

**Quatzenheim** മേയർ **Mr.Christian Libert**

**Kienheim** മേയർ **M-r.Luc Ginze**

ചെയർമാൻ ഓഫ് ഡിസ്ട്രിക്ട് കൗൺസിൽ **Mr.Justin Vogel**

വൈസ്പ്രസിഡന്റ് ഓഫ് കൌണ്ടി കൗൺസിൽ **Mr.Etienne Burger**

വിവിധ മതങ്ങളെ പ്രതിനിധാനം ചെയ്തു വന്ന വ്യക്തികളുടെ പേരു ചുവടെ ചേർക്കുന്നു:

പ്രസിഡന്റ് ഓഫ് അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ പ്രൊട്ടസ്റ്റണ്ട്സ് **Alsace Moselle, Mr.Christian Albecker**

ഹർട്ടിഹെയിം**(Hurtigheim)** ചർച്ചിന്റെ വനിത മിനിസ്റ്റർ **Mme la Pasteur Claire de Lattre Duchet**

മെമ്പർ ഓഫ് യൂറോപ്യൻ ഇൻസ്റ്റിറ്റ്യൂഷൻ **Tibetian Buddhists Mr.Dominique Lejeonne**

**Mr.Michael O'Boyle (Bhakti Mandir Hindu)**

യൂണിയൻ ഓഫ് ലിബറൽ പ്രൊട്ടസ്റ്റന്റ് പ്രസിഡന്റ്, **Mr.Ernest Winstein**

ഇവർക്കു പുറമെ വിവിധ അസോസിയേഷനുകളുടെ പ്രസിഡന്റുമാർ, വക്കീലുമാർ, ആർക്കിടെക്ടുമാർ, പ്രൊഫസർമാർ, ഡോക്ടർമാർ, അധ്യാപകർ, വ്യാപാരികൾ, ജീവിതത്തിലെ വിവിധ തുറകളുമായി ബന്ധപ്പെട്ട വ്യക്തികളും പങ്കെടുത്തിരുന്നു.

**ഹുദൂറിന് ഗാർഡ് ഓഫ് ഓണർ**

03.10-ന് താമസസ്ഥലത്തു നിന്നു പുറത്തുവന്ന ഹുദൂറിന് ഗാർഡ് ഓഫ് ഓണർ നൽകാൻ രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത സൈനികോദ്യോഗസ്ഥരും ചില സൈനിക വിഭാഗത്തിന്റെ 10 പ്രതിനിധികളും രണ്ടു വരിയായി നിലയുറപ്പിച്ചു. അവർ സ്വന്തം സൈനിക വേഷത്തിലും ബഹുമതികളോടൊപ്പം കൈയിൽ പതാകയുമേന്തിയിരുന്നു. ഹുദൂർ അവരുടെ ഇടയിലൂടെ കടന്നു വരികയും ഹാളിൽ പ്രവേശിക്കുകയും ചെയ്തു. അതിഥികൾ അവരവരുടെ സ്ഥലങ്ങളിൽ ഉപവിഷ്ഠരായിരുന്നു.

ഹാഫിള്വ് ബാബർ മൻസ്വൂർ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടിക്ക് തുടക്കം കുറിച്ചു. ഇതിന്റെ ഫ്രഞ്ച് തർജമ പ്രാദേശിക ജമാഅത്ത് സ്വദ്ർ ഫയ്സ്വൽ **JEMAI** സാഹിബ് സമർപ്പിച്ചു. സ്വാഗത ഭാഷണം ഫ്രാൻസ് അമീർ സാഹിബ് നിർവഹിച്ചു. ഹർട്ടിഹെയിം**(Hurtigheim)** ജമാഅത്തിന്റെ വിദേശകാര്യ വിഭാഗം സെക്രട്ടറി അത്വ്ഹർ കാഹ്ലോൺ സാഹിബ് ജമാഅത്തിനെ പരിചയപ്പെടുത്തി. (തുടരും)

☼☼☼☼

**പേജ് 5 ൽ നിന്ന്**

വിജയം പ്രദാനം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതും പറഞ്ഞ് ഊരിപ്പിടിച്ച വാളുമായി അദ്ദേഹം ഏണിവെച്ച് കോട്ടമതിലിന് മുകളിലേക്ക് കയറി. ഏതാനും സ്വഹാബാക്കളും അദ്ദേഹത്തോടൊപ്പം ചേർന്നു. മതിലിനുമുകളിൽ കയറി എല്ലാവരും തക്ബീർ ധ്വനി മുഴക്കി. അവരോടൊപ്പം മുഴുവൻ സൈന്യവും തക്ബീർ ഏറ്റുചൊല്ലി. അക്കാരണത്താൽ കോട്ടക്കകത്തെ ഭൂമി പ്രകമ്പനംകൊണ്ടു. മുസ്‌ലിമീങ്ങൾ കോട്ടക്കകത്ത് പ്രവേശിച്ചുവെന്ന് കരുതിയ ക്രിസ്ത്യാനികൾ വിറളിപിടിച്ച് പരക്കം പാഞ്ഞു. ഹദ്റത്ത് സുബയ്ർ(റ) മതിലിൽ നിന്നു താഴെ ഇറങ്ങി കോട്ടവാതിൽ തുറന്നു. മുഴുവൻ സൈന്യവും അകത്തേക്ക് കടക്കുകയും യുദ്ധം ചെയ്ത് കോട്ട പിടിച്ചടക്കുകയും ചെയ്തു. ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ) അവർക്ക് അഭയം നൽകാനായി ഒരു നിബന്ധന വെച്ചു. കുറച്ച് ദിവസത്തേക്കുള്ള ഭക്ഷണ സാധനങ്ങളുമായി റോമൻ സൈന്യത്തിന് അവിടം വിട്ട് പോകാവുന്നതാണ്. എന്നാൽ, ബാബിൽയൂൻകോട്ടക്കകത്തുള്ള ഭക്ഷണ കലവറയിൽ നിന്നോ ആയുധ ശേഖരങ്ങളിൽനിന്നോ ഒന്നും തന്നെ എടുക്കാവതല്ല. കാരണം അതെല്ലാം മുസ്‌ലിമീങ്ങളുടെ ഗനീമത്ത് മുതലാണ്. അതിനുശേഷം ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ) ബാബിൽയൂൻകോട്ടയുടെ താഴികക്കുടങ്ങളും ഉയർന്നതും ബലവത്തുമായ മതിലുകളും പൊളിച്ചുകളഞ്ഞു. ബാബിൽയൂൻകോട്ട വിജയത്തിനുശേഷം ഇസ്‌ലാമിക സൈന്യം ഈജിപ്തിലെ വിവിധ പ്രദേശങ്ങളെയും ഇതര കോട്ടകളെയും അതിജയിക്കുകയുണ്ടായി. അവയിൽ സുപ്രധാനമായിട്ടുള്ളവ ത്വർനൂത്ത്, നഖ്‌യൂസ്, സുൽത്വയ്സ്, കിർയൂൻ എന്നിവയാണ്. *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം ഹബീബ് അശ്അർ, പേജ് 608, 605, 603, 602, പ്രസാധകർ ഇസ്‌ലാമീ കുതുബു ഖാന, ഉർദു ബസാർ ലാഹോർ)*

അലക്സാൺട്രിയ(ഇസ്കൻദരിയ) വിജയം എങ്ങനെയുണ്ടായി? ഇതേക്കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. ഫുസ്ത്വാത് വിജയാനന്തരം അലക്സാൺട്രിയ ജയിച്ചടക്കാനുള്ള അനുവാദം ഹദ്റത്ത് ഉമർ(റ) നൽകുകയുണ്ടായി. അലക്സാൺട്രിയയ്ക്കും ഫുസ്ത്വാത്വിനും ഇടയിലുള്ള കിരിയൂനിൽ വെച്ച് റോമക്കാരുമായി ഒരു കൊടുംയുദ്ധം നടക്കുകയും മുസ്‌ലിമീങ്ങൾക്ക് അതിൽ വിജയം ലഭിക്കുകയും ചെയ്തു. അതിനുശേഷം അലക്സാൺട്രിയവരെ റോമക്കാർ മുസ്‌ലിമീങ്ങളുമായി പോരിന് വന്നില്ല. മുഖൗഖസ് ജിസിയ നൽകി സന്ധി ചെയ്യാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, റോമക്കാർ അയാൾക്കുമേൽ സമ്മർദ്ദം ചെലുത്തിയതുകൊണ്ട് അയാൾ ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ)നു, അയാളും ഖിബ്ത്വികളും അയാളുടെ ജനതയും ഈ യുദ്ധത്തിൽ പങ്കെടുക്കുന്നില്ലെന്നും ആയതിനാൽ അവർക്ക് നഷ്ടമൊന്നും വരുത്തരുതെന്നും സന്ദേശമയച്ചു. ഖിബ്ത്വികൾ ഈ യുദ്ധത്തിൽനിന്നു വിട്ടുനിന്നുവെന്ന് മാത്രമല്ല അവർ ഇസ്‌ലാമിക സൈന്യത്തെ പിന്താങ്ങുകയും മുസ്‌ലിമീങ്ങൾക്കുവേണ്ടി വഴിയൊരുക്കി കൊടുക്കുകയും പാലത്തിന്റെ അറ്റകുറ്റ പണികളിൽ ഏർപ്പെടുകയും ചെയ്തു. അലക്സാൺട്രിയ ഉപരോധ വേളയിലും ഖിബ്ത്വികൾ മുസ്‌ലിമീങ്ങൾക്കു സൈനിക സഹായം ചെയ്തു കൊടുക്കുകയുണ്ടായി. അലക്സാൺട്രിയായുടെ പ്രാധാന്യം ഈ കാര്യത്തിൽ നിന്നു മനസിലാക്കാം. അവിടെ യുദ്ധ വിജയം നടക്കുന്ന സമയത്ത് ആ പട്ടണം തലസ്ഥാന നഗരമായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിനു **(Constantinople)** ശേഷം റോമൻ സാമ്രാജ്യത്തിന്റെ രണ്ടാമത്തെ വലിയ നഗരമായി കാണാക്കപ്പെട്ടിരുന്നത് ബാസൻത്വീൻ ആയിരുന്നു. അതുകൂടാതെ ലോകത്തെ ഏറ്റവും വലിയ വ്യാവസായിക നഗരവും അതായിരുന്നു. തങ്ങളുടെ പട്ടണത്തിൽ മുസ്‌ലിമീങ്ങൾക്കു വിജയം ലഭിച്ചാൽ അതിന്റെ തിക്തഫലം അതിഭയാനകമായിരിക്കുമെന്ന് ബാസൻത്വീൻകാർക്ക് നന്നായി അറിയാമായിരുന്നു. ആ വിഷമ സന്ധിയിൽ ഹിർഖൽ പറഞ്ഞത് അറബികൾ അലക്സാൺട്രിയ കീഴടക്കിയാൽപിന്നെ റോമക്കർക്ക് നാശം സംഭവിക്കുമെന്നായിരുന്നു. അലക്സാൺട്രിയായിൽ മുസ്‌ലിമീങ്ങളുമായുള്ള പോരാട്ടത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ഹിർഖൽ നേരിട്ടായിരുന്നു നടത്തിയിരുന്നത്. എന്നാൽ, ആ തയ്യാറെടുപ്പുവേളയിൽ തന്നെ അയാൾ മരണപ്പെടുകയും അയാളുടെ മകൻ കോൺസ്റ്റന്റെൻ രാജാവാകുകയും ചെയ്തു. ചുറ്റുമതിലുകളുടെ പേരിലും പ്രൗഢഗംഭീരമായ കെട്ടിടങ്ങളുടെ പേരിലും സുരക്ഷാ ഭടന്മാരുടെ ആധക്യത്തിന്റെ പേരിലും പ്രതിരോധാടിസ്ഥാനത്തിൽ അലക്സാൺട്രിയ അതുല്യമായി നിലകൊണ്ടിരുന്നു. അലക്സാൺട്രിയ ഉപരോധം ഒൻപതു മാസത്തോളം തുടർന്നു. അക്കാരണത്താൽ ഹദ്റത്ത് ഉമർ(റ) ചിന്താകുലനായി. അതുകൊണ്ട് അദ്ദേഹം 'നിങ്ങൾ അവിടെ സുഖലോലുപതയിൽ മുഴുകിക്കാണും അല്ലാതെ വിജയത്തിന് ഇത്രയും ദൈർഘ്യം ഉണ്ടാകില്ല' എന്ന് കത്തെഴുതുകയും ചെയ്തു. അതുപോലെ ആ സന്ദേശം ലഭിച്ചയുടൻ മുസ്‌ലിമീങ്ങളോടു ജിഹാദിനുവേണ്ടി ഉൽബോധിപ്പിക്കാനും ആക്രമണത്തിന് ഉത്തരവ് നൽകാനും അതിൽ എഴുതിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഉമറിന്റെ ഈ കത്ത് വായിച്ചു കേൾപ്പിച്ച ശേഷം ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ) ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിനെ വിളിപ്പിക്കുകയും യുദ്ധവൈജയന്തി അദ്ദേഹത്തിന് ഏല്പിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങൾ ശക്തമായ ആക്രമണം നടത്തുകയും ആ നഗരം ജയിച്ചടക്കുകയും ചെയ്തു. ആ സമയത്ത്

ഹദ്റത്ത് അംറ് ബിൻ ആസ്(റ) മദീനയിലേക്ക് ദൂതനെ അയക്കുകയും പരമാവധി വേഗത്തിൽ അവിടെച്ചെന്ന് അമീറുൽ മുഅ്മീനിന് വിജയ സുവാർത്ത അറിയിക്കാൻ ഏൽപിക്കുകയും ചെയ്തു. ദൂതൻ ദൂരങ്ങൾ താണ്ടി മദീനയിലെത്തി. മദീനയിലെത്തിയപ്പോൾ ഉച്ചസമയം ആയതിനാൽ, അത് വിശ്രമ സമയമാണെന്ന് കരുതി ഖിലാഫത്ത് മുന്നിൽ ഹാജരാകുന്നതിനുമുമ്പേ നേരെ മസ്ജിദ് നബ്‌വിയിലേക്ക് പോയി. യാദൃച്ഛികമായി ഹദ്റത്ത് ഉമറിന്റെ ഒരു സേവക ആ ഭാഗത്തേക്ക് വരികയും അദ്ദേഹത്തെ കാണുകയും ആരാണ്? എവിടെ നിന്നുമാണ് വരുന്നത്? എന്ന് തിരക്കുകയും ചെയ്തു. അലക്സാൺട്രിയായിൽനിന്നു വന്നതാണെന്ന് മറുപടി ലഭിച്ചു. അപ്പോൾത്തന്നെ ആ സ്ത്രീ ഹദ്റത്ത് ഉമറിനെ കാര്യം അറിയിക്കുകയും ഉടൻ തിരിച്ച് വന്നു നിങ്ങളെ അമീറുൽ മുഅ്മിനീൻ വിളിക്കുന്നുണ്ടെന്ന് പറയുകയും ചെയ്തു. ഹദ്റത്ത് ഉമർ കൂടുതൽ കാത്തിരിക്കാതെ സ്വയം അങ്ങോട്ടു പോകാൻ ഒരുങ്ങുകയായിരുന്നു. മേലങ്കി ശരിയാക്കുമ്പോഴേക്കും അവിടെ ദൂതൻ എത്തിച്ചേർന്നു. വിജയവാർത്ത കേട്ടതും ഹദ്റത്ത് ഉമർ(റ) നിലത്ത് സുജൂദിൽ വീണ് അല്ലാഹുവിന് നന്ദി അറിയിച്ചു. എന്നിട്ട് അദ്ദേഹം അവിടെനിന്നു മസ്ജിദിലേക്ക് വരികയും അസ്സ്വലാത്തുൽ ജാമിഅ എന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. അതു കേട്ടതും മദീന മുഴുവനും അങ്ങോട്ട് പ്രവഹിച്ചു. എല്ലാവർക്കും മുമ്പാകെ ദൂതൻ യുദ്ധവിജയ കാര്യം വിശദമായി വിവരിച്ചു. ശേഷം ഹദ്റത്ത് ഉമറിനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിലേക്കുപോയി. അദ്ദേഹത്തിന്റെ മുമ്പിൽ ഭക്ഷണം കൊണ്ടുവരപ്പെട്ടു. തുടർന്ന് ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോട് ചോദിച്ചു: 'താങ്കളെന്തുകൊണ്ടാണ് നേരെ എന്റെ അടുത്ത് വരാതിരുന്നത്? അപ്പോൾ അയാൾ പറഞ്ഞു: 'അങ്ങ് വിശ്രമിക്കുയായിരിക്കുമെന്നാണ് ഞാൻ കരുതിയത്.' അപ്പോൾ അദ്ദേഹം ചോദിച്ചു: 'എന്തുകൊണ്ട് നീ എന്നെകുറിച്ച് അങ്ങനെ കരുതി. ഞാൻ പകൽ കിടന്നുറങ്ങിയാൽ ഖിലാഫത്തിന്റെ ഉത്തരവാദിത്തം ആരാണ് നിർവഹിക്കുക?'

അലക്സാൺട്രിയ വിജയത്തോടുകൂടി ഈജിപ്തിൽ ഒന്നടങ്കം ഇസ്‌ലാമിക ആധിപത്യം കൈവന്നു. ഈ യുദ്ധങ്ങളിലൊക്കെയായി ഒരുപാടുപേർ ബന്ദികളായി ഉണ്ടായിരുന്നു. അവരെക്കുറിച്ച് ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അംറ് ബിൻ ആസ്(റ)നു നൽകിയ നിർദേശം അവരെയെല്ലാവരെയും വിളിച്ചുകൂട്ടാനും തങ്ങളുടെ ഇഷ്ടപ്രകാരം അവർക്ക് മുസ്‌ലിമീങ്ങളാകാനോ അല്ലെങ്കിൽ സ്വന്തം മതത്തിൽ തുടരാനോ അവർക്ക് സ്വാതന്ത്ര്യമുണ്ടെന്ന് പറയാനുമായിരുന്നു. ഇസ്‌ലാം മതം സ്വീകരിച്ചാൽ അവർക് മറ്റു മുസ്‌ലിമീങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഉണ്ടാകുന്നതാണ്. അല്ലാത്ത പക്ഷം ദിമ്മികളെപോലെ അവരും ജിസിയ നൽകേണ്ടതായിവരും. ഹദ്റത്ത് ഉമറിന്റെ ഈ നിർദേശം അവർക്ക് വായിച്ച് കേൾപ്പിച്ചപ്പോൾ ഒരുപാടുപേർ ഇസ്‌ലാം സ്വീകരിക്കുകയും ഒരുപാടുപേർ തങ്ങളുടെ മതത്തിൽ തുടരുകയും ചെയ്തു. ഇസ്‌ലാം മത പ്രഖ്യാപനം നടക്കുമ്പോൾ മുസ്‌ലിമീങ്ങൾ അല്ലാഹു അക്ബർ എന്നുറക്കെ വിളിക്കുകയും ക്രിസ്തുമതത്തിൽ തുടരുന്നുവെന്ന പ്രഖ്യാപനമുണ്ടാകുമ്പോൾ ക്രിസ്ത്യാനികൾ എല്ലാവരും അഭിനന്ദനങ്ങൾ അറിയിച്ച് ഒച്ചവെക്കുകയും മുസ്‌ലിമീങ്ങൾ ഉദാസീനരാകുകയും ചെയ്യുമായിരുന്നു. *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 162-165, ദാറുൽ ഇശാഅത്ത് കറാച്ചി 1991) (സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബീ, ഉർദു തർജമ, പേജ് 760-764, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)*

അലക്സാൺട്രിയ ലൈബ്രറി അഗ്നിക്കിരയാക്കിയ സംഭവം പൗരസ്ത്യവാദികൾ വളരെയധികം കൊട്ടിഘോഷിക്കാറുണ്ട്. അതിന്റെ യാഥാർഥ്യത്തെ കുറിച്ച് വിവരിക്കാം. അലക്സാൺട്രിയ വിജയവുമായി ബന്ധപ്പെട്ട് ഇസ്‌ലാം വിരോധികൾ പ്രത്യേകിച്ച് ക്രിസ്തീയ ഗ്രന്ഥകർത്താക്കൾ ഒരാക്ഷേപം ഉന്നയിക്കാറുള്ളത് ഹദ്റത്ത് ഉമർ അലക്സാൺട്രിയയിൽ ഉണ്ടായിരുന്ന ഒരു ബൃഹത്തായ ഗ്രന്ഥശേഖരം കത്തിച്ചുകളയാൻ ആജ്ഞാപിച്ചു എന്നാണ്. ഈ ആക്ഷേപം മുഖേന മുസ്‌ലിമീങ്ങൾ നഊദുബില്ലാഹ്, വിജ്ഞാനത്തിനും വിവേകത്തിനും എതിർ നിൽക്കുന്നവരാണെന്നുള്ള ഒരു പ്രതീതി ഉളവാക്കാനുള്ള ശ്രമം നടത്താറുണ്ട്. അലക്സാൺട്രിയയിൽ കത്തിച്ച പുസ്തക ശേഖരം എത്ര വിപുലമായിരുന്നെന്നാൽ ആറു മാസങ്ങളോളം അതു അണയാതെ കത്തിക്കൊണ്ടിരുന്നുവെന്ന് പറയപ്പെടുന്നു. എന്നാൽ, ഈ ആരോപണം യുക്തിയുടെയും പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ തികച്ചും കെട്ടിച്ചമക്കയ്പ്പെട്ടതും അടിസ്ഥാനരഹിതവുമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇവർ പറയുന്ന സമുദായത്തിന്റെ നാഥനും അതുപോലെ നേതാവുമായ നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളത് ത്വലബുൽ ഇൽമി ഫരീളത്തുൻ അലാ കുല്ലി മുസ്‌ലിമിൻ അതായത് വിദ്യാസമ്പാദനം സകല മുസ്‌ലിമീങ്ങളുടേയും നിർബന്ധ കടമയാണെന്നാണ്. *(സുനൻ ഇബ്നു മാജ, ഇഫ്തിതാഹുൽകിതാബ് ഫിൽഈമാനി വഫളാഇലുസ്സ്വഹാബത്തി വൽ ഇൽമി, ബാബു ഫള്‌ലിൽഉലമാഇ വൽഹഥ്ഥി അലാ ത്വലബിൽ ഇൽമി, ഹദീഥ് നമ്പർ 224)*

ആരാണോ **ഉത്‌ലുബുൽ ഇൽമ വലൗ ബിസ്സ്വീൻ** അതായത് ചൈനയിൽ പോകേണ്ടി വന്നാലും വിദ്യ അഭ്യസിക്കുക എന്ന് കല്പിച്ചത്, *(കൻസുൽ ഉമ്മാൽ ഭാഗം 10, പേജ് 138, കിതാബു അൽബാബുൽഅവ്വൽ, ഫിക്കർഗീബി ഫീഹി, ഹദീഥ് 28697, മുഅസ്സസ്ത്തുർരിസാല ബെയറുത്ത് 1985)* അതുപോലെ പരിശുദ്ധ ഖുർആനിൽ അറിവ് യുക്തി വിചിന്തനം മനനം എന്നിവയെ കുറിച്ചുള്ള ഡസൻ കണക്കിന് കൽപനകളും ആയത്തുകളുമുള്ളത്, അത്തരം ജനതയെക്കുറിച്ച് ഗ്രന്ഥാലയം കത്തിച്ചുകളഞ്ഞുവെന്ന ആക്ഷേപം ഉന്നയിക്കുന്നത് ബുദ്ധിയുടെയും യുക്തിയുടെയും തത്ത്വങ്ങൾക്ക് നിരക്കാത്തതാണ്. അതുകൂടാതെ ഒരു പാട് ഗവേഷകർ ഇക്കാര്യത്തെ തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. അവരിൽ ക്രിസ്തീയ ഗവേഷകന്മാരും യൂറോപ്യൻ ഗവേഷകന്മാരും ഉൾപ്പെടുന്നു. അലക്സൺട്രിയ ഗ്രന്ഥാലയത്തിന് തീവെച്ച സംഭവം പൂർണമായും കെട്ടിച്ചമച്ച പൊള്ളയായ കഥയാണെന്ന് അവർ തെളിയിച്ചിട്ടുണ്ട്. ഈജിപ്തിലെ ഒരു പണ്ഡിതൻ മുഹമ്മദ് രിളാ തന്റെ ഗ്രന്ഥമായ 'സീറത്ത് ഉമർ ഫാറൂഖിൽ' ഈ സംഭവത്തെ കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'അലക്സൺട്രിയായിലെ ലൈബ്രറിക്കു തീ വെച്ചുവെന്ന ആരോപണം അബുൽ ഫർജ് മലത്വിയ്യിയാണ് ഉന്നയിച്ചിട്ടുള്ളത്. അയാൾ ഈ സംഭവം ഒരു ചരിത്ര ഗ്രന്ഥമായ മുഖ്തസ്വിറുദ്ദുവലയിലാണ് എഴുതിയിരിക്കുന്നത്. ഈ ചരിത്രകാരൻ ക്രിസ്താബ്ദം 1226-ൽ ജനിക്കുകയും 1286- ൽ മരിക്കുകയും ചെയ്തു. അയാൾ എഴുതിയിരിക്കുന്നു: 'വിജയത്തിനുശേഷം യൂഹന്നാ അന്നഹ്‌വി എന്ന ഖിബ്ത്വി പാതിരിയെ ഇതുമായി ബന്ധപ്പെടുത്തുന്നുണ്ട്. യഹ്‌യാ എന്ന പേരിലാണ് അയാൾ മുസ്‌ലിമീങ്ങൾക്കിടയിൽ അറിയപ്പെടുന്നത്. വിശ്വാസപരമായി അയാൾ ക്രിസ്തീയ വിഭാഗമായ യാക്കോബായക്കാരനാണ്. പിൽക്കാലത്ത് അയാൾ ക്രിസ്ത്യാനികളുടെ ത്രീയേകത്വ വിശ്വാസത്തിൽ നിന്നു അകലുകയുണ്ടായി. അയാൾ ഹദ്റത്ത് അംറ് ബിൻ ആസ്വിനോട് രാജ്യത്തിന്റെ ഖജനാവിൽ നിന്നു യുക്തിജ്ഞാനത്തിന്റെ ഗ്രന്ഥങ്ങൾ ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ ഹദ്റത്ത് ഉമറിൽനിന്നു അനുമതി നേടിയതിനുശേഷമേ എന്തെങ്കിലും പറയാൻ സാധിക്കുകയുള്ളു എന്ന് മറുപടി ലഭിച്ചു. ഇതൊരു നുണക്കഥയാണെങ്കിലും ഈ ആക്ഷേപത്തെ തെറ്റാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി ഇവിടെ വിവരിക്കുകയാണ്. ഹദ്റത്ത് ഉമർ (റ) ഇപ്രകാരം മറുപടി നൽകി: 'താങ്കൾ ചോദിക്കുന്ന ഗ്രന്ഥങ്ങളിലെ വിഷയങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിന് അനുസൃതമാണെങ്കിൽ പിന്നെ അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളതുതന്നെ നമുക്ക് മതിയായതാണ്. അതുകൊണ്ട് ആ ഗ്രന്ഥങ്ങളുടെ ആവശ്യം നമുക്കില്ല. അതുപോലെ അവയിലുള്ള വിഷയങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിന് വിരുദ്ധമാണെങ്കിൽ അവയുടെ ആവശ്യവും നമുക്കില്ല. അതുകൊണ്ട് അത്തരം ഗ്രന്ഥങ്ങൾ താങ്കൾ നശിപ്പിച്ചു കളയുക.' ഹദ്റത്ത് അംറ്

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ: K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വായിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ബിൻ ആസി(റ) അലക്സാൺട്രിയായിലെ കുളിപ്പുരകളിൽ വെച്ച് ആ ഗ്രന്ഥങ്ങളെ വകതിരിച്ച് വെക്കുകയും അവയെ അടുപ്പിലിട്ട് കത്തിക്കുകയും ആറു മാസങ്ങൾക്കകം അവ നശിക്കപ്പെടുകയും ചെയ്തു.

ഈ നിവേദനത്തെ കുറിച്ച് ചരിത്ര ഗ്രന്ഥങ്ങളായ ത്വബരിയിലോ ഇബ്നു അഥീറിലോ യഅ്ഖൂബിയിലോ കിൻദിയിലോ ഇബ്നുഅബ്ദുൽഹക്കമിലോ ബിലാദരിയിലോ ഇബ്നു ഖുൽദൂനിലോ പരാമർശമൊന്നും ലഭിക്കുന്നില്ല. അബുൽ ഫർജ് മാത്രമാണ് ക്രിസ്ത്വാബ്ദം പതിമൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിൽ അതായത് ഹിജ്റ വർഷം ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തെളിവുകളൊന്നും രേഖപ്പെടുത്താതെ എഴുതിയിട്ടുള്ളത്.

ലൈബ്രറി അഗ്നിക്കിരയാക്കപ്പെട്ടുവെന്ന് പറയപ്പെടുന്ന വർഷമായ ക്രിസ്ത്വാബ്ദം 642-ൽ യോഹന്നാ നഹ്‌വി ജീവിച്ചിരുന്നില്ലെന്ന് അയാളെ കുറിച്ച് ഗവേഷണം നടത്തിയതിനുശേഷം പ്രൊഫസർ ബറ്റ്ലർ എഴുതിയിട്ടുണ്ട്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പ്രതിപാദിച്ചിട്ടുള്ളത് യോഹന്നാ നഹ്‌വി അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലും ആറാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമാണെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അയാൾ മരിച്ചു പോയിരുന്നുവെന്ന പ്രൊഫസ്സർ ബറ്റ്ലറിന്റെ വാദം ശരിയാണ്. അതായത്, ഇതൊരു കള്ളക്കഥയാണെങ്കിലും, ആരുമായി ബന്ധപെടുത്തിയാണോ ഈ സംഭവം പറയപ്പെടുന്നത് അയാൾ ആ സമയത്തിനുമുമ്പേ മരിച്ചുപോയിരുന്നു.

പ്രൊഫസർ ഇസ്മായീലന്റെ നിവേദനത്തെ ഉദ്ധരിച്ചുകൊണ്ട് ഡോക്ടർ ഹസൻ ഇബ്റാഹീം ഹസൻ തന്റെ ചെറുപുസ്തകം 'താരീഖ് അംറ് ബിൻ ആസിൽ' എഴുതുന്നത് ആ സമയത്ത് അലക്സാൺട്രിയയിൽ ലൈബ്രറിതന്നെ ഉണ്ടായിരുന്നില്ലെന്നാണ്. എന്തെന്നാൽ ജൂലിയസ് സീസറിന്റെ (Julius Caesar) സൈന്യം 47 ബി.സിയിൽ ഒരു കാരണവുമില്ലാതെ ഇതിന്റെ രണ്ടുഭാഗങ്ങളിൽ വലിയ ഭാഗം കത്തിച്ച് കളഞ്ഞിരുന്നു. അതിന്റെ രണ്ടാം ഭാഗവും ഈ കാലത്തുതന്നെ നശിച്ച് പോയിരുന്നു. ഈ സംഭവം തിയോഫിൽ(Teofill) പാതിരിയുടെ കല്പനയാൽ നാലാം നൂറ്റാണ്ടിലാണ് നടക്കുന്നത്.

പ്രൊഫസ്സർ Batlar പറയുന്നത് എന്തെന്നാൽ, അബുൽ ഫർജിന്റെ കഥ ചരിത്ര രേഖകളുടെ വെളിച്ചത്തിൽ തീർത്തും അടിസ്ഥാനരഹിതവും അപഹാസ്യവുമാണ്. ഗ്രന്ഥങ്ങൾ കത്തിക്കണമെന്ന് തന്നെയാണെങ്കിലും കുറച്ച് സമയത്തിനുള്ളിൽ തന്നെ കത്തിച്ച് കളയാമായിരുന്നു. ആറു മാസം കൊണ്ട് കത്തിച്ച് കളഞ്ഞു എന്നാണെങ്കിൽ ആ സമയത്തിനുള്ളിൽ അതിൽ പല ഗ്രന്ഥങ്ങളും മോഷ്ടിക്കപ്പെടാനും സാധ്യതയുണ്ട്. അറബികൾ അവിടെ എന്തെങ്കിലും നാശ നഷ്ടങ്ങൾ വരുത്തിയതായി അറിവ് ലഭിക്കുന്നുമില്ല. ഗിബ്ബൻ(Gibbon) എഴുതുന്നു: 'ഇസ്‌ലാമിക അധ്യാപനങ്ങളും ഈ നിവേദനത്തിനു കടക വിരുദ്ധമാണ്. കാരണം അതു പഠിപ്പിക്കുന്നത് യുദ്ധവേളയിൽ ലഭിക്കുന്ന ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ഗ്രന്ഥങ്ങൾ കത്തിക്കുക അനുവദനീയമല്ലെന്നാണ്. മാത്രമല്ല ഫിലോസഫി, പദ്യവിജ്ഞാനീയം, മത വിജ്ഞാനം എന്നിവക്ക് പുറമെയുള്ള വൈജ്ഞാനിക ഗ്രന്ഥങ്ങളെക്കുറിച്ച് ഇസ്‌ലാമിന്റെ പാഠം അവ പ്രയോജനപ്പെടുത്താൻ ഇസ്‌ലാം ഊന്നൽ നൽകുന്നു എന്നതാണ്. മുസ്‌ലിമീങ്ങൾ ജയിച്ച പ്രദേശങ്ങളിലുള്ള ദേവാലയങ്ങളും അതു സംബന്ധിച്ച മറ്റു കാര്യങ്ങളും നശിപ്പിക്കുന്നത് വിലക്കിയിട്ടുമുണ്ട്. മാത്രമല്ല ദിമ്മികൾക്കുപോലും മതസ്വാതന്ത്ര്യം അനുവദിച്ചിട്ടുമുണ്ട്. എന്നിരിക്കെ അമീറുൽ മുഅ്മിനീൻ അലക്സാൺട്രിയ ഗ്രന്ഥ ശേഖരത്തെ അഗ്നിക്കിരയാക്കാൻ കൽപിക്കുമെന്നത് യുക്തിക്ക് നിരക്കുന്ന കാര്യമാണോ? *(സീറത്ത് ഉമർ ഫാറൂഖ്, മുഹമ്മദു രിളാ, പേജ് 294-297, മക്തബ ഇസ്‌ലാമിയ്യ, ലാഹോർ 2010)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) തന്റെ ഗ്രന്ഥമായ തസ്ദീഖെ ബറാഹീനെ അഹ്മദിയായിൽ ഈ ആക്ഷേപത്തെ പ്രതിപാദിച്ചുകൊണ്ട് അതിന് ഇപ്രകാരം മറുപടി നൽകിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'ഫയ്‌ലൂനസ് ഹക്കീം, ഫാളിൽ അജ്ൽ എന്നിവർ പറഞ്ഞത് പ്രകാരം സർവ്വ സൈന്യാധിപൻ ഹദ്റത്ത് അംറ് (റ), അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഉമറിനോട് ഈ ഗ്രന്ഥശാലയെ കുറിച്ച് മാർഗ്ഗ നിർദേശം തേടി. അപ്പോൾ ഖലീഫ അത് ഉടനടി കത്തിച്ച് കളയണമെന്നെഴുതി. ആറുമാസക്കാലം കുളിപ്പുരകളിൽ ഈ പുസ്തകങ്ങൾ കത്തിയമർന്നു. ഈ ആക്ഷേപം പാതിരി സാഹിബുമാർ പടച്ചുണ്ടാക്കിവിട്ടതാണ്. അതിൽ ഒരു യാഥാർഥ്യവുമില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നു: അനുവാചകർ ഇതേക്കുറിച്ച് നല്ലവണ്ണം ചിന്തിച്ച് നോക്കുക. ഒന്നാമത്തെ കാര്യം ഇങ്ങനെ ഒരു ശീലം ഇസ്‌ലാമിൽ അനുവർത്തിക്കപ്പെട്ടിട്ടുണ്ടായിരുന്നെങ്കിൽ ഖലീഫ ഉമർ(റ) തന്റെ അനുഗൃഹീത ഖിലാഫത്ത് കാലഘട്ടത്തിൽ തുടക്കം മുതൽക്കേ ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും പരിശുദ്ധ ഗ്രന്ഥങ്ങൾ കത്തിച്ചേനെ. ഈ രണ്ട് മതങ്ങളെയാണ് ഇസ്‌ലാം പ്രഥമപ്രാധാനമായി അഭിസംബോധന ചെയ്യുന്നത്. ശേഷം അഗ്നിപൂജകർക്കുമേൽ ഇസ്‌ലാമിന് ആധിപത്യം ലഭിക്കുകയുണ്ടായി. എന്നാൽ, ചരിത്രത്തിൽ ഒരിടത്തും മുസ്‌ലിമീങ്ങൾ അവരുടെ ഗ്രന്ഥങ്ങൾ കത്തിച്ചതായി രേഖപ്പെട്ടിട്ടില്ല. ഇനി ഈ പ്രവൃത്തി ഇസ്‌ലാമിൽ അല്ലെങ്കിൽ ഇസ്‌ലാമിക ഖലീഫമാരിൽ സ്ഥായിയായ നിലയിൽ അനുശീലിക്കപ്പെട്ടതാണെങ്കിൽ അത് എന്നെന്നുക്കുമായി അത്തരം കാര്യകാരണങ്ങൾ ഇസ്‌ലാമിൽ കാണേണ്ടതാണ്. അങ്ങനെ ചെയ്യാനാണെങ്കിലോ ഇസ്‌ലാമിന് മറ്റു തടസ്സങ്ങളൊന്നുമുണ്ടായിരുന്നില്ല. രണ്ടാമത്തെ കാര്യം ഖലീഫത്തുൽമസീഹ് അവ്വൽ(റ) പറയുന്നു: 'മതഗ്രന്ഥങ്ങൾ കത്തിക്കുക എന്നത് മുസ്‌ലിം രാജക്കന്മാരുടെയോ സാധാരണ മുസ്‌ലിമീങ്ങളുടെയോ പ്രവർത്തനങ്ങളിൽ പെട്ടതാണെങ്കിൽ ഒരിക്കലും തന്നെ ഗ്രീക്ക് തത്ത്വശാസ്ത്രം ഗ്രീക്ക് വൈദ്യ ശാസ്ത്രം ഇതര ഗ്രീക്ക് വിജ്ഞാന മേഖലകൾ എന്നിവയുടെ ഗ്രന്ഥവിവർത്തനങ്ങൾ അറബിയിൽ സാധ്യമാകുമായിരുന്നില്ല. മൂന്നാമത്തെ കാരണം തക്ദീബെ ബറാഹീനെ അഹ്മദിയ്യാ എഴുതിയ വ്യക്തി തന്റെ രാജ്യത്തുനിന്നുതന്നെ അതിനുള്ള ഉദാഹരണങ്ങൾ കാണിക്കേണ്ടതായിരുന്നു. അയാൾക്ക് സമുദ്രം താണ്ടി അലക്സാൺട്രിയവരെ പോകേണ്ട കാര്യമെന്തുണ്ട്? ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) തക്ദീബെ ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തിനുള്ള മറുപടിയെന്നോണമാണ് ഇതവതരിപ്പിക്കുന്നത്. അദ്ദേഹം എഴുതുന്നു: 'ഇന്ത്യയിൽ ഏതൊക്കെ ഗ്രന്ഥങ്ങളാണ് അങ്ങനെ കത്തിച്ചതെന്ന് കാണിക്കാനാകുമോ? നാലാമത്തെ കാര്യം 700 വർഷത്തിലധികം ഇസ്‌ലാം ഇന്ത്യയിൽ ഭരണം നടത്തി. എന്നാൽ, ആ കാലയളവിൽ ഇന്നുവരെ പരിശുദ്ധ മതഗ്രന്ഥങ്ങളായി കണക്കാക്കപ്പെടുന്ന ഭാഗവതം, രാമായണം, ഭഗവത്ഗീത, മഹാഭാരതം അതുപോലെ ലിംഗപുരാണം (Ling Puran) മർകണ്ഡേയ (Markundi) പുരാണം തുടങ്ങിയ വിഖ്യാത ഗ്രന്ഥങ്ങളൊന്നുംതന്നെ കത്തിച്ചതായ ഒരു വിവരവും ആർക്കും ലഭിച്ചിട്ടില്ല. മാത്രമല്ല ആ ഗ്രന്ഥങ്ങളിൽ ചിലതിന്റെ അറബി ഭാഷാന്തരങ്ങളുമുണ്ടായിട്ടുണ്ട്. മുസ്‌ലിമീങ്ങൾ തങ്ങളുടെ ഗ്രന്ഥങ്ങൾ കത്തിക്കുന്നവരാണെന്ന് ഈ ഹിന്ദുക്കൾ കരുതുന്നത് അത്ഭുതപ്പെടുത്തുകയാണ്. നീതിപൂർവം ചിന്തിച്ചുനോക്കൂ!' *(തസ്ദീഖെ ബറാഹീനെ അഹ്മദിയ്യ, വാള്യം 1, പേജ് 203-204)*

ആ ആക്ഷേപത്തിന് മറുപടിയായി തസ്ദീഖെ ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തിൽ തന്നെ ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് ഒരു കുറിപ്പ് ചേർത്തിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: 'ഈ സംഭവത്തെ കുറിച്ച് ഗവേഷണം നടക്കുന്നതിനു മുമ്പേവരെ അതുപോലെ യഥാർഥ സ്ഥിതിഗതികൾക്കു മേൽ വെളിച്ചം വീഴുന്നതുവരെ മുസ്‌ലിമീങ്ങൾക്കുമേൽ ഇങ്ങനെ ഒരു ആരോപണം ഉന്നയിക്കപ്പെട്ടിരുന്നു. എന്നാൽ, നീതിയുടെ പ്രകൃതക്കാരും സത്യപ്രേമികളുമായ പണ്ഡിതന്മരൊഴികെ വളരെ കുറച്ചുപേർ മാത്രമേ ഈ നിരർഥമായ ആക്ഷേപം ഇപ്പോൾ മുസ്‌ലിമീങ്ങൾക്കെതിരെ ഉന്നയിക്കുന്നുള്ളൂ. ഈ ആക്ഷേപത്തിനുള്ള കാരണം മിക്കപ്പോഴും മതവിദ്വേഷമോ അറിവില്ലായ്മയോ ആയിരുന്നു. മാത്രമല്ല ആ സമയത്ത് ഇങ്ങനെ ഒരു ആക്ഷേപം ഉന്നയിച്ചവരുടെ പക്കൽപോലും ശരിയായ പ്രമാണങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതായത് ഈ കെട്ടുകഥ വിവരിച്ച രണ്ടു ചരിത്രകാരന്മാരും ഈ സംഭവത്തിന് 580 വർഷങ്ങൾക്കുശേഷമാണ് ജനിച്ചതുതന്നെ. അതുപോലെ അവരുടെ പക്കൽ മുമ്പേയുള്ള ഒരു പ്രമാണവും ഇതേ കുറിച്ച് ഉണ്ടായിരുന്നില്ല. അലക്സാൺട്രിയ ലൈബ്രറിയെ കുറിച്ച് ഗവേഷണം നടത്തി പല ഗ്രന്ഥങ്ങളും രചിച്ച സെന്റ് ക്രോയക്സ്(Saint Croix) ഈ നിവേദനത്തെ തീർത്തും വ്യാജമാണെന്ന് പ്രഖ്യാപിക്കുന്നുണ്ട്. അതുപോലെ ഈ ഗ്രന്ഥങ്ങൾ ജൂലിയസ് സീസറിന്റെ(Julius Caesar) യുദ്ധം നടക്കുമ്പോഴാണ് അഗ്നിക്കിരയായതെന്ന റിപ്പോർട്ടുണ്ട്.

ലൈഫ് ഓഫ് സീസർ എന്ന ഗ്രന്ഥത്തിൽ പ്ലോട്ടാർക്(Plutarch) ഇപ്രകാരം എഴുതുന്നു: ജൂലിയസ് സീസർ ശത്രുക്കൾ കൈവശപ്പെടുത്തിയാലോ എന്ന ഭയത്താൽ തന്റെ യുദ്ധക്കപ്പലുകൾക്ക് തീ കൊളുത്തുകയുണ്ടായി. ആ തീ പടർന്ന് പിടിച്ച് അലക്സാൺട്രിയയുടെ മഹത്തായ ഗ്രന്ഥകേന്ദ്രത്തിലുമെത്തുകയും അതിനെ ചുട്ടെരിക്കുകയും ചെയ്തു.

Dictionary of Dates Relating to all Ages എന്ന ഗ്രന്ഥത്തിൽ ഹൈഡൻ (Hydn) ഈ നിവേദനത്തെ പൂർണമായും തെറ്റെന്ന് വിധിക്കുകയും തന്റെ ഗവേഷണത്തിന്റെ അടിസ്ഥാ

നത്തിൽ ഇപ്രകാരം ഒരു നോട്ട് കുറിക്കുകയും ചെയ്തു: 'ഈ കഥ തികച്ചും സംശയാസ്പദമാണ്. ഇസ്‌ലാമിന് വിരുദ്ധമായ ഗ്രന്ഥങ്ങൾ കത്തിക്കാൻ ഹദ്റത്ത് ഉമർ(റ) പറഞ്ഞിരുന്നുവെന്നും എന്നാൽ, മുസ്‌ലിമീങ്ങൾ അതിന് സമ്മതിച്ചില്ലെന്നുമാണ് വന്നിട്ടുള്ളത്. ചിലരാകട്ടെ ഇക്കാര്യം അലക്സാൺട്രിയായിലെ ബിഷപ്പായ തിയോഫിലസുമായി (Theophilus) ചേർത്താണ് പറയുന്നത്. അത് ക്രിസ്ത്വാബ്ദം 391 ലെ സംഭവമാണെന്ന് പറയുന്നു. ചിലരാകട്ടെ കർദിനാൾ ജെമിനിസിന്റെ (Cardinal Jimenez) നെറ്റിയിലാണ് അത് ചാർത്തുന്നത്. അക്കാര്യം ക്രിസ്ത്വാബ്ദം 1500 ലാണ് നടന്നത്. തുടർന്നെഴുതുന്നു, വിഖ്യാതനും ധീരനും ഡോക്ടർ ലൈറ്റ്നെർ(Dr.Leitner) തന്റെ ഗ്രന്ഥമായ സനീനുൽ ഇസ്‌ലാമിൽ ഈ തെറ്റായ നിവേദനത്തെ പിന്തുടരുന്നുണ്ട്. കഷ്ടമെന്ന് പറയട്ടെ! ഡോക്ടർ സാഹിബിന് തന്റെ ഗവേഷണത്തിൽ പിഴവ് പറ്റിയിരിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. ജോൺ വില്യം ഡ്രാപ്പർ (John William Draper) തന്റെ വിഖ്യാത ഗ്രന്ഥത്തിൽ ഇക്കാര്യം തെറ്റായ നിവേദകരിൽ നിന്നു ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ, പിന്നീട് അക്കാര്യത്തിൽ തെറ്റുപറ്റിയതായി സമ്മതിച്ചുകൊണ്ട് ഇപ്രകാരം എഴുതിയിരിക്കുന്നു: 'യഥാർഥത്തിൽ ഈ ഗ്രന്ഥങ്ങൾ ജൂലിയസ് സീസറിന്റെ യുദ്ധത്തിലാണ് കത്തി നശിച്ചത്. അതുകൊണ്ടുതന്നെ ആ ആക്ഷേപം പൊള്ളയായതും വെറും കെട്ടുകഥയുമാണെന്ന് ദൃഢവിശ്വാസത്തോടെ പറയാൻ സാധിക്കും. ഇനി ഓർത്ത് വിലപിക്കാനാണെങ്കിൽ ഒരു സംഭവം സത്യസന്ധമായി നടന്നിട്ടുണ്ട്. മതവിദ്വേഷിയായ കർദിനാൾ ജെമിനീസ് എൺപതിനായിരം അറബി കൈയെഴുത്തു ഗ്രന്ഥങ്ങൾ ഗ്രാനഡയിലെ മൈതാനങ്ങളിൽവെച്ച് അഗ്നിക്കിരയാക്കി. സ്പെയിൻ മുസ്‌ലിമീങ്ങളുടെ കൈയിൽനിന്നു പിടിച്ചെടുക്കപ്പെടുകയും ക്രിസ്ത്യാനികളുടെ ആധിപത്യം ഉണ്ടാകുകായും ചെയ്തപ്പോൾ അവിടെ ഗ്രാനഡയിലെ ലൈബ്രറിയിലെ എൺപതിനായിരം ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കപ്പെട്ടു. ഇസ്‌ലാമിനുമേൽ ആരോപണം ഉന്നയിക്കുന്നവർ ഈ കാര്യത്തെ കുറിച്ചാണ് ശരിക്കും പറഞ്ഞു വിലപിക്കേണ്ടത്. **Conflict Between Religion and Science** എന്ന ഗ്രന്ഥത്തിൽ അതിന്റെ റെഫ്രൻസുണ്ട്. ഇതൊക്കെയാണ് ലൈബ്രറി കത്തിച്ചതിനെ കുറിച്ചുള്ള വിവരണം. ഈ ആരോപണത്തിന്റെ യാഥാർഥ്യം ഇതാണ്.

ഇനി ബർഖാ ത്വറാബലിസ് വിജയങ്ങളെ കുറിച്ചാണ് പറയുന്നത്. ഈജിപ്തിൽ ആധിപത്യം ലഭിച്ചതിനുശേഷം അവിടെ ക്രമസമാധാനം നിലനിറുത്തുകയും അനന്തരം ഹദ്റത്ത് അംറ് ബിൻ ആസ്(റ) പടിഞ്ഞാറു ഭാഗത്തേക്ക് നീങ്ങുകയും ചെയ്തു. ആ ഭാഗത്തുനിന്നു ഇസ്‌ലാം ജയിച്ചടക്കിയ പ്രദേശങ്ങളിലേക്ക് ഒരു അപകടവും വന്നു പതിക്കാതിരിക്കാൻ വേണ്ടിയായിരുന്നു അത്. ബർഖാ ത്വറാബലിസ് എന്നിവിടങ്ങളിൽ കുറച്ചു റോമൻ സൈന്യം കോട്ടയ്ക്കകത്തുണ്ടായിരുന്നു. അവസരം കിട്ടുമ്പോൾ അവർ ജനങ്ങളെ ഇളക്കിവിടാനും മുസ്‌ലിമീങ്ങളെ ആക്രമിക്കാനും സാധ്യതയുണ്ടായിരുന്നു. അലക്സാൺട്രിയുടേയും മൊറോക്കോയുടേയും ഇടയിലുള്ള പ്രദേശമാണ് ബർഖാ എന്ന് പറയപ്പെടുന്നത്. ആ പ്രദേശത്ത് ഒരുപാട് പട്ടണങ്ങളും ഗ്രാമങ്ങളും അധിവസിക്കുന്നുണ്ട്. ഹദ്റത്ത് അംറ് ബിൻ ആസ്(റ)ഹിജ്റ 22 നു തന്റെ സൈന്യവുമായി ബർഖയിലേക്ക് പോയി. അലക്സാൺട്രിയയിൽ നിന്നു ബർഖവരെയുള്ള വഴി ഹരിതാഭവും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായിരുന്നു. അതുകൊണ്ടുതന്നെ അവിടെയെത്തുന്നതുവരെ അദ്ദേഹത്തിന് ശത്രുക്കളുടെ ഒരു യുദ്ധ തന്ത്രത്തെയും നേരിടേണ്ടി വന്നില്ല. അവിടെ എത്തിയപ്പോൾ ജനങ്ങൾ ജിസിയ നൽകി സന്ധി ചെയ്തു. അതിനുശേഷം ബർഖക്കാർ സ്വയം തന്നെ ഈജിപ്ത് ഗവർണറുടെ അടുത്തു ചെന്ന് തങ്ങളുടെ TAX അടക്കുമായിരുന്നു. മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നു ആർക്കും അവരുടെ അടുത്ത് പോകേണ്ടതായിവന്നില്ല. പടിഞ്ഞാറ് ഭാഗത്തുള്ളവരിൽ ഏറ്റവും സാധാരണക്കാരായിരുന്നു അവർ. അവിടെ ഒരു കലാപവും, കുഴപ്പവും ഉണ്ടായിരുന്നില്ല.

ഹദ്റത്ത് അംറ് ബിൻ ആസ്(റ) അവിടെ നിന്നു പുറപ്പെട്ട ത്വറാബലിസിന്റെ ഭാഗത്തേക്ക് നീങ്ങി. അത് വളരെ സുരക്ഷിതവും ശക്തവുമായ കോട്ടകളുള്ള പട്ടണമായിരുന്നു. അവിടെ വമ്പിച്ച ഒരു റോമൻ സൈന്യം ഉണ്ടായിരുന്നു. അവർ മുസ്‌ലിമീങ്ങളുടെ വരവിനെ കുറിച്ച് അറിഞ്ഞപ്പോൾ സ്വയമേവ കോട്ടവാതിലുകൾ അടച്ച് മുസ്‌ലിമീങ്ങളുടെ ഉപരോധം സഹിക്കാൻ തയ്യാറായി. ഈ ഉപരോധം ഒരു മാസം നീണ്ടുനിന്നു. മുസ്‌ലിമീങ്ങൾക്കു ഒരു അപകടവും ഉണ്ടായില്ല. എന്നാൽ, വിജയവും ലഭിച്ചില്ല. ത്വറാബലിസിന്റെ പിറകു വശത്തു പട്ടണവുമായി ചേർന്ന് ഒരു സമുദ്രമുണ്ടായിരുന്നു. സമുദ്രത്തിനും പട്ടണത്തിനുമിടയിൽ ചുറ്റുമതിലൊന്നുമുണ്ടായിരുന്നില്ല. ഒരു കൂട്ടം മുസ്‌ലിമീങ്ങൾ ആ രഹസ്യം അറിയാൻ ഇടയായി. അവർ പിറകുവശത്തൂടെ സമുദ്ര മാർഗേണ പട്ടണത്തിൽ പ്രവേശിച്ചു. അവർ ഉറക്കെ തക്ബീർ ധ്വനി മുഴക്കി. അപ്പോൾ അവിടെയുള്ള സൈന്യത്തിന് തങ്ങളുടെ കപ്പലുകളിൽ കയറി അഭയം തേടാതെ മറ്റൊരു മാർഗവുമുണ്ടായിരുന്നില്ല. അവർ പിന്തിരിഞ്ഞോടിയപ്പോൾ അംറ് ബിൻ ആസ് അവരെ പിറകിൽ നിന്ന് ആക്രമിച്ചു. കപ്പലുകളിൽ കയറി രക്ഷപെടാത്തവർ എല്ലാം വാളിന്നിരയായി. പട്ടണത്തിലു ണ്ടായിരുന്ന സാധനങ്ങളും സ്വത്തുവകകളുമെല്ലാം മുസ്‌ലിമീങ്ങൾക്ക് ഗനീമത്ത് മുതലായി ലഭിച്ചു.

ത്വറാബലിസിൽ വിജയം നേടിയശേഷം ഹദ്റത്ത് അംറ് ബിൻ ആസ് (റ)തന്റെ സൈന്യത്തെ സമുദ്ര പ്രദേശങ്ങളിലേക്ക് വിന്യസിച്ചു. പടിഞ്ഞാറൻ പ്രദേശങ്ങളിലെ വിജയങ്ങൾ പൂർത്തിയാക്കിയതിനു ശേഷം ട്യുണിസ്, ആഫ്രിക്ക എന്നിവയിലേക്ക് ശ്രദ്ധിക്കാമെന്നാണ് അദ്ദേഹം വിചാരിച്ചിരുന്നത്. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഉമർ (റ)ന് കത്തെഴുതി. എന്നാൽ, ഹദ്റത്ത് ഉമർ(റ) ഇസ്‌ലാമിക സൈന്യത്തെ പുതിയ ഒരു ദൗത്യത്തിനു അയക്കുവാൻ താൽപര്യം കാണിച്ചിരുന്നില്ല. പ്രത്യേകിച്ചും ശാം മുതൽ ത്വറാബലിസുവരെ പെട്ടെന്നു വിജയം നേടിയതുകൊണ്ട് പരാജിത പ്രദേശങ്ങളിൽ നിന്നു പരിപൂർണ്ണ സമാധാനാന്തരീക്ഷം കൈവരാത്തതുകൊണ്ടും. അതുകൊണ്ട് അദ്ദേഹം ഇസ്‌ലാമിക സൈന്യത്തോട് ത്വറാബലിസിൽ തങ്ങുവാൻ കല്പന നൽകി.

ഹദ്റത്ത് ഉമർ ഫാറൂഖ്(റ)ന്റെ ഖിലാഫത്തു കാലഘട്ടത്തിൽ ഇസ്‌ലാമിക ഭരണപ്രദേശം വിദൂര പ്രദേശങ്ങളുടെ അതിർത്തികൾ സ്പർശിക്കാൻ തുടങ്ങി. കിഴക്ക് ജീഹൂൻ നദിയും സിന്ധുനദിയും മുതൽ പടിഞ്ഞാറ് ആഫ്രിക്കയിലെ മരുഭൂമികൾ വരേയ്ക്കും അതുപോലെ വടക്ക് ഏഷ്യമൈനറിലെ മലകളും അർമീനിയായും മുതൽ തെക്ക് ബഹ്റുൽ കാഹിലും ബഹ്ർ നൂബയുംവരെയും ഒരു ആഗോള ഭരണകൂട രൂപത്തിൽ ലോക ഭൂപടത്തിൽ വെളിപ്പെടുകയുണ്ടായി. നൂബ എന്നത് EGYPTHന്റെ തെക്കൻ പ്രദേശമാണ്. പ്രവിശാലമായ ആ പ്രദേശത്ത് വിവിധ ജനതകളും മതങ്ങളും സമുദായങ്ങളും സംസ്കാരങ്ങളും നഗരികതകളും വളർന്നു പന്തലിക്കുകയുണ്ടായി. അതായത് ഇസ്‌ലാമിക ഭരണകൂടം വെറും ഈജിപ്തിലെ പ്രദേശങ്ങളിൽ മാത്രമായിരുന്നില്ല ആധിപത്യം നേടിയത്. പ്രത്യുത ഈ പറഞ്ഞ എല്ലാ പ്രദേശങ്ങളും അതിൽ ഉൾപെടുന്നു. മുസ്‌ലിം ഭരണത്തിൻകീഴിൽ വിവിധ ജനതകളും സംസ്കാരങ്ങളും നാഗരികതകളുമുണ്ടായിരുന്നു. അവയെല്ലാംതന്നെ ഇസ്‌ലാമിന്റെ നീതിയുടെയും കാരുണ്യത്തിന്റേയും തണലിൽ ശാന്തി സമാധാനത്തോടെ ജീവിതം കഴിച്ചുകൂട്ടി. ഇസ്‌ലാം അതിന്റെ വിശ്വാസാദർശങ്ങൾക്കും ആരാധനാനുഷ്ഠാനങ്ങൾക്കും സാംസ്കാരിക നാഗരികതകൾക്കും വളരെയധികം എതിർ നിൽക്കുന്നവർക്കും അവരുടെ അവകാശങ്ങൾ പൂർണമായും അനുവദിച്ച് കൊടുക്കുകയും അവരുടെ ജീവിതങ്ങളെ പൂർണമായും ബഹുമാനിക്കുകയും ചെയ്യുകയുണ്ടായി. *(സയ്യിദുനാ ഉമർ ബിൻ ഖത്താബ്, ശഖ്സിയ്യത്ത് ഔർ കാർണാമെ, മുഹമ്മദ് സ്വലാബീ, പേജ് 765-766), (മുഅ്ജമുൽ ബുൽദാൻ വാള്യം 1, പേജ് 462, ബർഖ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജമുൽ ബുൽദാൻ വാള്യം 5, പേജ് 357, നൂബ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

യുദ്ധസന്ദർഭങ്ങളുടെ ഇടയിൽ മുസ്‌ലിമീങ്ങളുടെ ആരാധനയുടെ നിലവാരം എങ്ങനെയായിരുന്നു എന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ലോകത്ത് എല്ലാ വസ്തുക്കളും പടിപടിയായിട്ടാണ് അഭിവൃദ്ധി പ്രാപിക്കുന്നത്. വലിയ വലിയ പ്രവൃത്തികളും പൊടുന്നനെ സംഭവിക്കാതെ സാവധാനത്തിലാണ് സംഭവിക്കുന്നത്. നബി (സ) തിരുമേനിയുടെ കാലഘട്ടത്തിലും എല്ലാ മുസ്‌ലിമീങ്ങളും തഹജ്ജുദ് നമസ്കരിക്കുന്നുണ്ടായിരുന്നില്ല. എന്നാൽ, സാവധാനത്തിൽ അവർക്ക് ആ ശീലം ഉണ്ടാകുകയായിരുന്നു. അങ്ങനെ ഉമർ (റ)ന്റെ കാലഘട്ടം വന്നപ്പോൾ യുദ്ധത്തിന്റെ ദിനങ്ങളിലും മുസ്‌ലിമീങ്ങൾ തഹജ്ജുദ് അനുഷ്ഠിക്കാറുണ്ടായിരുന്നു. നബി(സ) തിരുമേനിപോലും ഇടക്ക് അത് ഒഴിവാക്കിയിരുന്നുവെന്ന് സ്ഥാപിതമാകുന്നുണ്ട്. നബി(സ) തഹജ്ജുദ് നമസ്കരിക്കാൻവേണ്ടി എഴുന്നേൽക്കാറുണ്ടായിരുന്നു. എന്നാൽ, ഇടക്ക് എഴുന്നേറ്റിരുന്നില്ലെന്നും സ്ഥാപിതമാകുന്നുണ്ട്. പക്ഷേ, ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ മുസ്‌ലിമീങ്ങൾ യുദ്ധത്തിന്റെ ദിവസങ്ങളിലും തഹജ്ജുദ് നമസ്കരിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഹിർഖൽ മുസ്‌ലിമീങ്ങൾക്കുനേരെ രാത്രിയിൽ യുദ്ധം ചെയ്യാൻ തീരുമാനിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് ഒരുപാട് ചർച്ചകൾ നടന്നു. അവസാനം ആക്രമിക്കണ്ട എന്ന തീരുമാനമെടുത്തു. എന്തുകൊണ്ടെന്നാൽ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 11 November 2021 Issue-45

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

മുസ്‌ലിമീങ്ങൾക്കുനേരെ രാത്രി യുദ്ധംകൊണ്ട് പ്രയോജനമില്ല. കാരണം അവർ ഉറങ്ങുന്നേയില്ല. അവർ തഹജ്ജുദ് നമസ്കരിച്ചുകൊണ്ടിരിക്കുന്നു. ഇതും അഭിവൃദ്ധിയുടെ അടയാളമാണ്. ആരംഭത്തിൽ ഉണ്ടായിരുന്നില്ല. ആരംഭത്തിൽ നബി(സ) തിരുമേനിക്ക് ഇതിനുവേണ്ടി ഒരുപാട് ഉപദേശനിർദേശങ്ങൾ നൽകേണ്ടി വന്നു. എന്നാൽ, പിന്നീട് ദുർബലരായവർക്കും അതിന്റെ ശീലമുണ്ടായി. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 13, പേജ് 189)*

ഖുലഫാഉർറാശിദീങ്ങളുടെ കാലഘട്ടത്തിൽ നടന്ന യുദ്ധങ്ങളെ കുറിച്ചു വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഇസ്‌ലാം നേരിടാൻവേണ്ടി മാത്രമല്ല കല്പന നൽകിയത്. പ്രത്യുത ചില സമയത്ത് പ്രത്യേക സാഹചര്യത്തിൽ അതിക്രമത്തെ സഹിക്കുവാനും നിർദേശം നൽകുകയുണ്ടായി. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ആരെങ്കിലും നിങ്ങളുടെ മുഖത്തടിച്ചാൽ തിരിച്ചു മുഖത്തടിക്കുവാനുള്ള അനുമതി ഉണ്ടെങ്കിലും അവിടെ നേരിടുന്നത് സാഹചര്യത്തിന് പ്രതികൂലമാണെന്നു കണ്ടാൽ നിശബ്ദരാകാനും പറഞ്ഞു. അപ്പോൾ മുഖത്തടിക്കു മുഖത്തടികൊണ്ട് പ്രതികാരം ചെയ്യരുത്. ഈ യുദ്ധങ്ങളെ സംബന്ധിച്ച് പൊതുവിൽ നൽകപ്പെടുന്ന തെളിവുകൾകൊണ്ട് ഹദ്റത്ത് അബുബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ എന്നിവർക്കുമേൽ ഉന്നയിക്കുന്ന ശത്രുക്കളുടെ ആക്ഷേപത്തിന് തടയിടാൻ സാധിക്കുന്നതാണ്. ഇക്കാര്യം മനസ്സിലാക്കിത്തരുന്നത് അതായത് അബൂബക്ർ അല്ല അതിക്രമം പ്രവർത്തിച്ചത് ഖയ്സ്വർ ആയിരുന്നു അതിക്രമം പ്രവർത്തിച്ചതെന്നാണ്. ഹദ്റത്ത് ഉമർ(റ) അതിക്രമം പ്രവർത്തിച്ചില്ല, പ്രത്യുത കിസ്റായാണ് അതിക്രമം പ്രവർത്തിച്ചത്. ഹദ്റത്ത് ഉഥ്മാൻ(റ) അതിക്രമം പ്രവർത്തിച്ചില്ല പ്രത്യുത അഫ്ഗാനിസ്താനിന്റെയും ബുഖാറയുടെയും അതിർത്തികളിൽ താമസിക്കുന്ന ഗോത്രങ്ങളും കുർദികളുമായിരുന്നു അതിക്രമം പ്രവർത്തിച്ചത്. എന്നാൽ, ഇക്കാര്യത്തിന് തെളിവൊന്നും ലഭിക്കുന്നില്ല. അതായത് അബൂബക്ർ(റ) എന്തുകൊണ്ട് അവർക്ക് മാപ്പ് നൽകിയില്ല, ഉമർ(റ) അവർക്ക് എന്തുകൊണ്ട് മാപ്പ് നൽകിയില്ല, ഉഥ്മാൻ (റ) എന്തുകൊണ്ട് മാപ്പ് നൽകിയില്ല. നേരിടാൻവേണ്ടി പുറപ്പെട്ടപ്പോൾ ഖയ്സ്വറിനോട് ഇപ്രകാരം പറയാമായിരുന്നു, നിങ്ങളുടെ സൈനികരിൽനിന്ന് ഇന്ന തെറ്റ് സംഭവിച്ചിരുന്നു. നിങ്ങളുടെ ഭരണകൂടം ഞങ്ങളോടു മാപ്പ് അപേക്ഷിക്കുകയാണെങ്കിൽ മാപ്പ് നൽകുന്നതാണ്. മാപ്പ് അപേക്ഷിച്ചില്ലെങ്കിൽ ഞങ്ങൾ യുദ്ധം ചെയ്യുന്നതാണ്. അദ്ദേഹം ഖയ്സ്വറിന്റെ മുമ്പാകെ ഇക്കാര്യം സമർപ്പിച്ചില്ല. അതായത് നിങ്ങളിൽ നിന്നോ അതോ നിങ്ങളുടെ സൈന്യത്തിന്റെ ഒരു കൂട്ടരിൽനിന്നോ ഇന്ന സന്ദർഭത്തിൽ അതിക്രമം സംഭവിച്ചു. ഞങ്ങളുടെ അധ്യാപനത്തിൽ ശത്രുക്കൾക്ക് മാപ്പുനൽകണമെന്നുമുണ്ട്. അതുകൊണ്ട് നിങ്ങൾ മാപ്പിന് അപേക്ഷിച്ചാൽ ഞങ്ങൾ മാപ്പ് നൽകുന്നതിന് തയ്യാറാണ്. എന്നാൽ, അവർ അതിക്രമം പ്രവർത്തിച്ചപ്പോൾ പെട്ടെന്നുതന്നെ നേരിടാൻ പുറപ്പെട്ടു. മുസ്‌ലിമീങ്ങൾ പിന്നെ ആ യുദ്ധം തുടർന്നു. കിസ്റായുടെ സൈനികർ ഇറാഖിന്റെ അതിർത്തികൾ ആക്രമിച്ചപ്പോൾ രാഷ്ട്രീയപരമായി അതിനുശേഷം സ്വഹാബാക്കളുടെയും കിസ്റായുടെയുമിടയിൽ യുദ്ധം അനുവദനീയമായി. എന്നാൽ, ധാർമികമായ നിലയിൽ ഹദ്റത്ത് ഉമർ(റ)ന് കിസ്റായോടു ഇങ്ങനെയും പറയാമായിരുന്നു, അതായത് നിങ്ങൾ ചിലപ്പോൾ ഈ ആക്രമണത്തിന് കല്പന നല്കിയിട്ടുണ്ടാവില്ല.നിങ്ങളുടെ സൈനികർ സ്വന്തം ഇഷ്ടപ്രകാരം ആക്രമണം നടത്തിയിട്ടുണ്ടാകാം. അതുകൊണ്ട് ഞങ്ങൾ ഈ ആക്രമണത്തെ കണ്ടില്ലെന്ന് വെക്കാൻ തയ്യാറാണ്. പക്ഷേ, നിങ്ങൾ ഞങ്ങളോടു മാപ്പ് അപേക്ഷിക്കണമെന്ന നിബന്ധനയോടെ മാത്രം! അവർ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ ആ പ്രവർത്തിയിൽ ലജ്ജ പ്രകടിപ്പിക്കേണ്ടാതാണ്. അതേപോലെ ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലഘട്ടത്തിലും ശത്രുക്കളോടു ഇങ്ങനെ പറഞ്ഞില്ല, അതായത് നിങ്ങൾ അതിക്രമം പ്രവർത്തിച്ചു വെങ്കിലും ഞങ്ങളുടെ മതം അതിക്രമത്തിന് മാപ്പ് നല്കാനായുള്ള അധ്യാപനവും നൽകുന്നു. അതുകൊണ്ട് ഞങ്ങൾ നിങ്ങൾക്കു മാപ്പ് നൽകുന്നു. എന്നാൽ, ആ അതിക്രമത്തെ നേരിടാൻ പെട്ടന്നുതന്നെ തയ്യാറാവുകയും സൈന്യത്തെ അയക്കുകയും ചെയ്തു. യുദ്ധം ചെയ്യുകയും ആ യുദ്ധം തുടരുകയും ചെയ്തു. അവസാനം അതിന്റെ കാരണം എന്തായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നമ്മൾ സൂക്ഷ്മമായി ചിന്തിക്കുകയാണെങ്കിൽ നമുക്ക് ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. അതായത് അതിന് ഇതല്ലാതെ മറ്റൊരു കാരണവുമില്ല. അതായത് അബൂബക്ർ(റ)ന് അറിയാമായിരുന്നു എപ്പോഴൊക്കെ ബാഹ്യമായ ആക്രമണങ്ങൾ ഇല്ലാതാകുന്നുവോ അപ്പോഴൊക്കെ ആന്തരികമായ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. ആക്രമണം നടത്തിയത് അദ്ദേഹം മനസ്സിലാക്കിയത് ഇത് ഖയ്സ്വർ അല്ല അല്ലാഹുവാണെന്നാണ്. അങ്ങനെ മുസ്‌ലിമീങ്ങൾ ഈ മുസീബത്തിലൂടെ തങ്ങളുടെ സംസ്കരണത്തിലേക്ക് ശ്രദ്ധിക്കട്ടെ. തങ്ങളുടെ ഉള്ളിൽ പുതിയൊരു ജീവിതവും മാറ്റവും കൊണ്ടുവരട്ടെ. ഉമർ(റ) മനസ്സിലാക്കിയത് കിസ്റാ അല്ല ആക്രമണം നടത്തിയത് മറിച്ച് അല്ലാഹുവാണെന്നാണ്! മുസ്‌ലിമീങ്ങൾ അശ്രദ്ധരും അലസരുമായി ഭൂമിയിൽ അധഃപതിച്ചു പോവാതിരിക്കാനും ദുൻയാവിൽ ലയിച്ചു പോവാതിരിക്കാനും വേണ്ടി! എല്ലാ സമയവും ശ്രദ്ധാലുവും, ഉണർന്നു പ്രവർത്തിക്കുന്നവരായി മാറേണ്ടതാണ്. ഹദ്റത് ഉഥ്മാൻ(റ)ന് അറിയാമായിരുന്നു ചില ഗോത്രങ്ങൾ അല്ല മുസ്‌ലിമീങ്ങൾക്കുമേൽ ആക്രമണം നടത്തിയത്. പ്രത്യുത അല്ലാഹുവാണെന്ന്! അതുമുഖേന മുസ്‌ലിമീങ്ങൾ ഉണർന്ന് പ്രവർത്തിക്കാനും, അങ്ങനെ അവരുടെ ഉള്ളിൽ ആത്മീയ മാറ്റം ഉണ്ടാവുന്നതിനും പുതുജീവൻ ഉണ്ടാവുന്നതിനും വേണ്ടി!! *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 30, പേജ് 175-176)*

ഇക്കാര്യം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഒരു ഖുത്ബയിൽ പറഞ്ഞതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടർന്ന് ഇക്കാര്യംകൂടി വിളംബരം ചെയ്യുന്നുണ്ട്. ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു: 'ആത്മീയാഭിവൃദ്ധിക്കുവേണ്ടിയാണ് നമുക്ക് ആപത്തുകൾ വരുന്നത്. വിഷമങ്ങളിലൂടെ കടന്നു പോവേണ്ടതായിവരും. ഇക്കാര്യം ഇന്നും നമ്മൾ ഓർമയിൽ വെക്കുകയാണെങ്കിൽ ഈ മുസീബത്തുകളും ബുദ്ധിമുട്ടുകളും നമ്മെ അല്ലാഹുവിന്റെ അടുത്തേക്ക് നയിക്കുന്നതിന് കാരണമായിത്തീരുന്നതാണ്. ഇതുതന്നെയാണ് പിന്നീട് വിജയത്തിനുള്ള മാർഗമായി തീരുന്നത്. അഥവാ ഇക്കാര്യങ്ങളിൽ നമ്മൾ പിന്നിൽത്തന്നെ നിൽക്കുകയാണെങ്കിൽ നമ്മുടെ സംസ്കരണത്തിന് ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നെ അഭിവൃദ്ധി ഉണ്ടാവുകയില്ല. അഭിവൃദ്ധി ലഭ്യമായാൽ ആപത്തുകൾ അവസാനിച്ചാലും നമ്മുടെ ബന്ധം അല്ലാഹുവുമായി നിലനിൽക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ പ്രത്യേകമായി അല്ലാഹുവിലേക്ക് കൂടുതലായി ശ്രദ്ധ ഉണ്ടാവേണ്ടതാണ്. നമ്മുടെ ആത്മീയമായ ഉയർച്ച, ആത്മീയമായ ഉന്നമനം എന്നിവയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതിയിരിക്കുന്നതും ഇതുതന്നെയാണ്. അതായത് നമ്മൾ ഇക്കാര്യം മനസ്സിലാക്കിയിട്ടില്ലെങ്കിൽ ഒന്നും മനസ്സിലാക്കിയിട്ടില്ല. ഇക്കാര്യമാണ് എല്ല അഹ്മദികളും ഇക്കാലത്ത് മനസ്സിലാക്കേണ്ടത്.

വിവ: പി.കെ.അംനാസ്

**പേജ് 1 ൽ നിന്ന്**

പേജ് 1 ൽ നിന്ന്

നാമത്തിൽ ആരംഭിക്കുന്നതാണ്. ഹദ്റത്ത് നൂഹിനെ സ്മരിച്ചുകൊണ്ടും വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു, അദ്ദേഹം കപ്പലിൽ കയറുമ്പോൾ തന്റെ കൂടെയുള്ളവരോടു പറഞ്ഞു: **ഇർകബൂ ഫീഹാ ബിസ്മില്ലാഹി മജ്രേഹാ വ മുർസാഹാ** നിങ്ങൾ അതിൽ കയറിക്കൊള്ളുക, അതിന്റെ സഞ്ചരവും നില്പും അല്ലാഹുവിന്റെ നാമത്തിന്റെ അനുഗ്രഹത്താലാണ്.(11:42) *(തഫ്സീറെ കബീർ വാള്യം 1, പേജ് 14)*

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin